# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 69 Issue No. 08 August 2026 Rs. 15/-






# പൗരോഹിത്യ സുവർണ്ണജൂബിലി മംഗളങ്ങൾ


Fr. Varghese Arackal


Fr. Kuriakose (Jimmy) Eravimangalam


Fr. Thomas Nariculam


Fr Vincent Parambathara

# പൗരോഹിത്യ രജതജൂബിലി മംഗളങ്ങൾ


Fr. Elias (Biju) Chakiath


Fr. Anto Chalissery


Fr. Paul Cherupilly


Fr. Thomas (Jimmichan) Kakkattuchira


Fr. Alex Kareemadom


Fr. Antony (Tony) Kottakkal


Fr. Jacob Kozhuvallil


Fr. Paul (Stenny) Kunnekkadan


Fr. Thomas Mazhuvanchery


Fr. Sebastian Nellissery


Fr. Varghese (Biju) Perumayan

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 69 Issue No. 8 August 2026 Rs. 15/-

## വിഷയസൂചിക

| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | സർക്കുലർ: 3/2026 - സത്യദീപം |
| 10. | സർക്കുലർ: 4/2026 - ദൈവവിളി ദിനം |
| 13. | കച്ചേരിക്കാര്യം |
| 17. | നിര്യാതനായി |
| 20. | വാർത്തകളും വിശേഷങ്ങളും |
| 21. | കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി |
| 22. | വിശ്വാസപരിശീലന കേന്ദ്രം |
| 25. | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 27. | ചെറുപുഷ്പ മിഷൻ ലീഗ് (CML) |
| 33. | ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ് |
| 35. | ചിറ്റൂർ ധ്യാനകേന്ദ്രം |
| 36. | ബൈബിൾ അപ്പോസ്റ്റലേറ്റ് |
| 40. | സുബോധന, അങ്കമാലി |
| 42. | എൽ.എഫ്. സൗരഭ്യ, ഏഴാറ്റുമുഖം |
| 44. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 46. | നൈപുണ്യ ഇന്റർനാഷണൽ |
| 48. | AICO (Archdiocesan Institutions' Central Office) |
| 49. | അതിരൂപതാ ഡയറി |

**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Palakkal Kuriakose, Pallipuram | 1858 | 1887 | 2-8-1916 |
| Fr. Manadan Gervasis, Alangad | 1882 | 1875 | 2-8-1930 |
| Fr. Parackal George, Narakkal | 1922 | 1951 | 2-8-1997 |
| Msgr. Kavalakkatt Varghese, Kadukutty | 1910 | 1936 | 3-8-1994 |
| Fr. Parathiparambil Thomas, Muttom | 1942 | 1968 | 4-8-1994 |
| Fr. Palathunkal Thomas, Udayanapuram | 1897 | 1921 | 9-8-1969 |
| Fr. Thekkinedath Varghese, North Paravur | | 1921 | 10-8-1933 |
| Fr. Elavumkudy Paul, Aimury | 1922 | 1953 | 10-8-2007 |
| Msgr. Panikulam Joseph, North Paravur | 1908 | 1933 | 11-8-1993 |
| Fr. Pazhemadom Mathew, Vallakom | 1924 | 1953 | 11-8-2012 |
| Fr. Mulakal Gheevarghese, Thycattussery | 1861 | 1887 | 12-8-1932 |
| Fr. Pudissery Varghese, Valluvally | 1934 | 1964 | 13-8-2003 |
| Msgr. Vadakumchery Paul, Alangad | 1901 | 1931 | 15-8-1978 |
| Fr. Puthussery Joseph (M), Mattoor | 1936 | 1966 | 15-8-2024 |
| Fr. Kammattil Mathew, Vaikom | 1918 | 1945 | 16-8-1972 |
| Fr. Kottoor Kuriakose, Kandanad | 1890 | 1919 | 18-8-1966 |
| Fr. Veliyilparambil John, Muttom | 1920 | 1949 | 18-8-1990 |
| Fr. Nettikadan Thomas, Meloor | 1927 | 1955 | 21-8-1985 |
| Msgr. Madambhagath Bernard, Valamangalam | | | 22-8-1923 |
| Fr. Mampilly Jacob, Narakkal | 1924 | 1951 | 22-8-2004 |
| Fr. Chiramel Joseph, Manjapra | 1889 | 1917 | 23-8-1970 |
| Fr. Chully Joseph, Vallom | | | 24-8-1964 |
| Fr. Mannassery Cyriac, Valamangalam | 1934 | 1961 | 24-8-1990 |
| Fr. Elamkuttuchira Jacob, Vaikom | 1929 | 1958 | 24-8-1991 |
| Fr. Thachil Joseph, Angamaly | 1939 | 1964 | 25-8-1989 |
| Fr. Nettikadan Thomas, Meloor | 1882 | 1909 | 28-8-1944 |
| Fr. Mampilly John, North Paravur | 1897 | 1929 | 28-8-1989 |
| Fr. Joseph Koilparambil, Pallippuram | 1928 | 1994 | 28-8-2018 |
| Fr. Vadakumchery Louis, Manjapra | 1920 | 1947 | 29-8-2009 |

**സർക്കുലർ: 3/2026**

# സത്യദീപം നൂറാം വർഷത്തിലേക്ക്

*(സത്യദീപം വാരികയുടെ ശതാബ്ദി പ്രമാണിച്ച് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് നൽകുന്ന സർക്കുലർ)*

ക്രിസ്തുവിൽ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരേ,

എറണാകുളം-അങ്കമാലി അതിരൂപതയുടെ അഭിമാനമായ സത്യദീപം വാരികയുടെ നൂറാം വാർഷികം ഈ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുകയാണ്. നമ്മുടെ ഇടവകപള്ളികളിൽ, സന്യാസകേന്ദ്രങ്ങളിൽ, സെമിനാരികളിൽ, വീടുകളിലെ പൂമുഖങ്ങളിൽ വാർത്തകളും, വിശകലനങ്ങളും, വിശ്വാസപരിശീലനവും, കാലത്തിന്റെ ചുവരെഴുത്തുകളുമായി ഈ വാരിക നമ്മോടൊപ്പം നാളിതുവരെ സഞ്ചരിച്ചു. നൂറു വർഷം എന്നത് കേവലം ഒരു വാരികയുടെ അച്ചടിയുടെ വാർഷികം മാത്രമല്ല; അത് ആഴ്ചതോറും വായിക്കാനും എഴുതാനും വിശ്വസിക്കാനും സംവദിക്കാനും തീരുമാനിച്ച ഒരു ജനതയുടെ കഥ കൂടിയാണ്. സത്യദീപം, നമ്മുടെ പൂർവികർ കൈമാറിയ പൊതു പൈതൃകമാണ്, എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് പ്രത്യേകമായും സീറോ മലബാർ സഭയ്ക്ക് പൊതുവായുമുണ്ടായിരുന്ന സംവാദ സംസ്കാരത്തിന്റെ ഭാഗമാണ്. ഈ പ്രബുദ്ധത അഭിമാനപൂർവ്വം അനുസ്മരിക്കുമ്പോൾ അത് വലിയ ഉത്തരവാദിത്തമായി മാറുന്നു.

മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്തയുടെ കാലത്ത് ജേക്കബ് നടുവത്തുശ്ശേരി അച്ചനും ജോസഫ് പഞ്ഞിക്കാരൻ അച്ചനും ചേർന്നാണ് ഇങ്ങനെ ഒരു സംരംഭം യാഥാർത്ഥ്യമാക്കിയത്. ജോസഫ് പഞ്ഞിക്കാരൻ അച്ചന്റെ സത്യം, ദീപം എന്നീ ബോട്ടുകൾ വിറ്റാണ് സത്യദീപം വാരിക പുറത്തിറക്കാനുള്ള പണം കണ്ടെത്തിയത്. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' (യോഹ. 8:32), 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (യോഹ. 8.12 ) എന്നീ സുവിശേഷവാക്യങ്ങളുടെ പ്രേരണയിലാണ് ഈ വാരികയുടെ അടിസ്ഥാന കാഴ്ചപ്പാട് രൂപപ്പെടുന്നത്. അവിടെ തുടങ്ങി എത്രയോ വൈദികരും സന്യസ്തരും അല്മായരും അവരുടെ ജീവിതം അർപ്പിച്ചാണ് ഒരു നൂറ്റാണ്ട് കൊണ്ട് ഈ പത്രത്തെ വളർത്തിയത്. അതിന്റെ മഹിമ കുറയാതെ സൂക്ഷിക്കാൻ നമുക്ക് കടമയുണ്ട്.

കാലാകാലങ്ങളിൽ ക്രിസ്തു വെളിച്ചത്തിൽ സത്യദീപം നിലപാടുകൾ എടുത്തിട്ടുണ്ട്. അത് നമ്മുടെ ബോധത്തെയും കാലത്തെയും പ്രകാശി

പ്പിച്ചിട്ടുണ്ട്. ഒരുപക്ഷേ ഈ വാരികയുടെ ഏറ്റവും നിശ്ശബ്ദമായ സമ്മാനം ഇതായിരിക്കാം; തുറവിയുള്ള മനസ്സോടെ സംഭാഷണം നടത്താൻ ഒരു ശതാബ്ദത്തോളം വാരിക നമ്മെ പ്രചോദിപ്പിച്ചു. കേവലം സഭാ സംബന്ധിയായ വാർത്തകൾക്കപ്പുറം സമൂഹത്തിലെ ഇതര മതസ്ഥരായ നമ്മുടെ സഹോദരങ്ങളുമായി അർത്ഥവത്തായ ഒരു സാംസ്കാരിക സംവാദം വളർത്തിയെടുക്കാൻ സത്യദീപത്തിനു കഴിഞ്ഞിട്ടുണ്ട്. നമ്മുടെ വിശ്വാസം സങ്കുചിതമാകാൻ പാടില്ലെന്നും അത് സമൂഹത്തിലെ എല്ലാ നന്മകളോടും തുറവിയുള്ളതാകണമെന്നുമുള്ള സഭയുടെ ദർശനമായിരുന്നു ഇതിന്റെ പിന്നിൽ. വ്യത്യസ്ത മതങ്ങളും ദർശനങ്ങളും സംസ്കാരങ്ങളും കലർന്ന നമ്മുടെ കേരളപശ്ചാത്തലത്തിൽ പരസ്പരം മനസ്സിലാക്കാനും സ്നേഹവും ഐക്യവും ഊട്ടിയുറപ്പിക്കാനും പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനും ഈ വാരിക വഴിയുള്ള സംവാദങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

ക്ഷേത്രപ്രവേശന വിളംബരം, സ്വാതന്ത്ര്യ സമരം, കേരളപ്പിറവി, കേരള സംസ്ഥാനത്തിന്റെ വികസന വഴികൾ എന്നീ ചരിത്രസന്ധികളിൽ വ്യക്തമായ നിലപാടുകളിലൂടെയും അടയാളപ്പെടുത്തലുകളിലൂടെയും പൊതുസമൂഹത്തിന് ഒപ്പം നടന്നിട്ടുണ്ട് സത്യദീപം വാരിക. ഒരുപാട് എഴുത്തുകാർക്ക് മുഖ്യധാര സാഹിത്യ മേഖലയിലേക്കും മാധ്യമപ്രവർത്തനത്തിലേക്കും കടക്കുവാൻ ഈ വാരികയിൽ എഴുതിയ ലേഖനങ്ങളും കഥകളും നോവലുകളും ഇടയാക്കിയിട്ടുണ്ട്. രൂപത, റീത്ത്, മത വ്യത്യാസമില്ലാതെ കേരളത്തിൽ അങ്ങോളം ഇങ്ങോളം ഉള്ള അതിസാധാരണക്കാരായ ഒരുപാട് വായനക്കാരുടെ വിചാരങ്ങളും വികാരങ്ങളും കത്തുകളുടെയും ലേഖനങ്ങളുടെയും രൂപത്തിൽ സഭയിലും സമൂഹത്തിലും ഈ വാരിക പ്രതിഫലിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെയും യുവാക്കളുടെയും ക്രിയാത്മകതയ്ക്ക് ഇടം നൽകിയിട്ടുണ്ട്. ഭയപ്പെടാതെ സ്വയം വിമർശിച്ചിട്ടുണ്ട്. ഉയർന്ന ചിന്തയും സാമൂഹ്യബോധവും പ്രകടിപ്പിച്ചിട്ടുണ്ട്. ദിനപത്രങ്ങളും ടെലിവിഷനും ആഡംബരമായിരുന്ന ഒരു കാലത്ത് കേരളത്തിൽ അങ്ങോളം ഇങ്ങോളം ഗ്രാമങ്ങളിൽ സുവിശേഷ പ്രഘോഷണത്തിനും വിശ്വാസപരിശീലനത്തിനും ഇടവരുത്തിയിട്ടുണ്ട്. ഇവയൊക്കെ അഭിമാനത്തോടെ ഓർക്കുന്നു.

ക്രൈസ്തവികതയുടെ ഏറ്റവും വലിയ സംഭാവന അതിന്റെ മഹത്തായ മനുഷ്യദർശനമാണ്. "യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്" (ഗലാ. 3: 28). ഭാരതത്തിൽ മനുഷ്യദർശനത്തിന് കാര്യമായ മങ്ങലേൽക്കുകയും ഇന്ത്യയുടെ ഭരണഘടന പോലും വെല്ലുവിളി നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ, ഇവിടുത്തെ രാഷ്ട്രീയത്തിലും സംസ്കാരത്തിലും ക്രിയാത്മകമായി ഇടപെട്ട് മനുഷ്യന്റെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളേണ്ടതുണ്ട്. വചനത്തെ ജീവിക്കുന്ന

സംസ്കാരവുമായി ബന്ധപ്പെടുത്താനും പൊതുമനസ്സാക്ഷി രൂപപ്പെടുത്തുവാനും വാരിക ഒരു നൂറ്റാണ്ടായി ചെയ്യുന്ന സേവനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കാനും ജനാധിപത്യ സമൂഹം എന്ന നിലയിൽ സംഭാഷണങ്ങളിലൂടെ പൊതുസമൂഹത്തിൽ ഇടപെടുവാനും സത്യദീപം അതിന്റെ ശ്രമങ്ങൾ തുടരേണ്ടതുണ്ട്. 141 കോടി ജനങ്ങൾ ഉള്ള കത്തോലിക്കാസഭ എന്ന വിശാലമായ സംഭാഷണ സമൂഹത്തിലെ അംഗങ്ങളാണ് നാം. ആ സഭയുടെ വിശ്വാസവും നിലപാടുകളും കൃത്യമായി അറിയിക്കാനും ക്രൈസ്തവ വിശ്വാസ സാക്ഷ്യങ്ങളുടെ ചരിത്രം പ്രചരിപ്പിക്കാനും സത്യദീപം ജാഗ്രതയോടെ ശ്രമിക്കുന്നതിൽ അഭിമാനമുണ്ട്.

മാധ്യമ വിപ്ലവങ്ങൾ നടക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. അക്ഷരങ്ങളുടെ ലോകത്തിൽ എന്നതിനേക്കാൾ നാം ദൃശ്യങ്ങളുടെ ലോകത്തിലാണ്. വായനക്കാരാവാതെ ചിത്രങ്ങൾ നിരന്തരം കാണുന്നവരായി നാം. അപകടകരമായ വിധത്തിൽ നമ്മുടെ വായന ശോഷിച്ചിരിക്കുന്നു! അത് വിദ്യാഭ്യാസത്തിലും ചിന്തയിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നു. വിദ്യാഭ്യാസം എന്നത് എഴുതാനും വായിക്കാനും ചിന്തിക്കാനും പഠിക്കലാണ്. ജീവിതവും ലോകവും ആണ് വായിക്കേണ്ടതും മനസ്സിലാക്കേണ്ടതും. കാഴ്ചയും ആസ്വാദനവും മാത്രമായി നമ്മുടെ വായന നിറം മാറിയിട്ടുണ്ടോ? ഇത് പുതിയ മാധ്യമങ്ങളെ തള്ളിക്കളയലല്ല - ക്രിസ്തുവിനെ പ്രഘോഷിക്കാൻ സഭ എക്കാലത്തും ആ കാലഘട്ടത്തിലെ ഉപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ വായനാശീലം നഷ്ടപ്പെടുന്ന ഒരു ജനതയ്ക്ക് അവരുടെ ചിന്തയുടെ ആഴം നഷ്ടപ്പെടാൻ ഇടയുണ്ട്. ദീർഘമായ സംവാദങ്ങൾക്കുള്ള ശേഷി, അതിനുള്ള ഭാഷ, സാംസ്കാരിക ആരോഗ്യം, ഇവ കൈമോശം വരാതിരിക്കാൻ വായനയെ നമ്മൾ ചേർത്തു നിറുത്തേണ്ടതുണ്ട്.

വായനയെ വിശദമായ അനുഷ്ഠാനമാക്കിയത് യഹൂദ ജനതയാണ്. ക്രിസ്തുവർഷം 70-ലാണ് അവരുടെ ദേവാലയം നശിപ്പിക്കപ്പെടുന്നത്. അവർ പ്രവാസികൾ ആയതോടെ അവരുടെ ബലിയും പൗരോഹിത്യ പാരമ്പര്യവും ഇല്ലാതെയായി. പക്ഷേ അവർക്ക് സിനഗോഗുകൾ ഉണ്ടായിരുന്നു. അത് ദേവാലയമോ അനുഷ്ഠാനങ്ങളുടെ മണ്ഡലമോ ആയിരുന്നില്ല. വായനയുടെ വേദിയായിരുന്നു. അവർ വചനം വായിച്ചു. റബ്ബിമാർ വ്യാഖ്യാനിച്ചു. യഹൂദർക്ക് അത് കേൾക്കാനുള്ള വിളിയായിരുന്നു. വചനത്തിന്റെ കേൾവിയാണ് ഇസ്രയേലിനെ നയിച്ചത്. വായനയുടെ അക്ഷരങ്ങൾക്ക് പിന്നിൽ അവർ ദൈവത്തിന്റെ സ്വരം കണ്ടെത്തി. ഈ യഹൂദ സമൂഹം ലോകസംസ്കാരത്തിന് നൽകിയത് വലിയ ധർമ്മബോധമാണ്. ലോകത്തിൽ ഇന്ന് ഏകദേശം ഒന്നരക്കോടി യഹൂദർ ഉണ്ട്. അത് ലോക ജനസംഖ്യയിൽ വെറും 0.2 ശതമാനം മാത്രമാണ്. എന്നാൽ, ലോകത്ത് നോബൽ സമ്മാനം നേടിയതിൽ 22 ശതമാനം പേരും യഹൂദരാണ്.

ഇതിന് പിന്നിൽ വായന ഒരു അനുഷ്ഠാനമാക്കിയ മനുഷ്യസമൂഹത്തിന്റെ ശ്രേഷ്ഠതയുടെ കഥയുണ്ട്. വായന നമ്മെ നിരന്തരം സമൂഹത്തോട് സംവദിക്കാൻ പ്രേരിപ്പിക്കും. വചനത്തെ മാംസം ധരിപ്പിക്കാൻ പ്രേരിപ്പിക്കും.

സീറോ മലബാർ സഭയിൽ വചനവായനയ്ക്ക് അധികം പഴക്കമില്ല. കേരളത്തിലും ഭാരതത്തിലും ക്രൈസ്തവർ ഒരു ന്യൂനപക്ഷമായി ജീവിക്കുന്നു. മറ്റേതൊരു ന്യൂനപക്ഷ സമൂഹത്തേക്കാൾ വിദ്യാഭ്യാസരംഗത്തും ആതുരസേവനരംഗത്തും ജനസംഖ്യ അനുപാതത്തേക്കാൾ വലിയ സ്വാധീനവും സാന്നിധ്യവുമാണ് ക്രൈസ്തവർ ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ കല, സാഹിത്യം, പത്രപ്രവർത്തനം, രാഷ്ട്രീയം തുടങ്ങിയ മണ്ഡലങ്ങളിൽ ക്രൈസ്തവരുടെ സാന്നിധ്യവും സ്വാധീനവും ഉയർത്തേണ്ടതുണ്ട്. ഗ്രീക്ക് സംസ്കാരവുമായി ഇടചേർന്ന് യൂറോപ്പിലെ ക്രൈസ്തവർ നൽകിയതുപോലെ സർഗാത്മകമായ ഫലങ്ങൾ നൽകുവാൻ ഭാരതത്തിലെ ക്രൈസ്തവർക്ക് കഴിഞ്ഞിട്ടുണ്ടോ?

കഥ, നാടകം, നോവൽ എന്നിവയുമായി ബന്ധപ്പെട്ട് യുവാക്കൾ അവരുടെ സർഗാത്മകമായ സംഭാവനകൾ സൃഷ്ടിക്കാൻ കഴിവുള്ളവരാകണം. വിദ്യാഭ്യാസപരമായും സാമ്പത്തികമായും മാത്രം വളർന്നാൽ പോരാ. രാഷ്ട്രീയപരമായും സാഹിത്യപരമായും കലാപരമായും നമ്മുടെ യുവാക്കൾ വളരണം. അപ്പം കൊണ്ടുമാത്രമല്ല മനുഷ്യൻ ജീവിക്കുന്നത്! അവനു ജീവിക്കാൻ ആഴമുള്ള കഥകൾ വേണം, മൂല്യമുള്ള ചിന്തകൾ വേണം. വായനയുടെയും ചിന്തയുടെയും ലോകത്തുനിന്നാണ് ഇത് കണ്ടെത്തുന്നത്. ഇത്തരം കഥകൾ പറയാനും എഴുതാനും കഴിവുള്ളവരാകണം നാം. നമ്മുടെ വിശ്വാസവും ധർമ്മനിഷ്ഠകളും മൂല്യങ്ങളും കഥകളാക്കുന്ന മാധ്യമപ്രവർത്തനത്തിലും എഴുത്തിലും കൂടി നമ്മുടെ യുവതലമുറ മുഴുകണം. ഇങ്ങനെ പ്രചോദിതരായി എഴുതുന്നവരെ ദൈവം അയക്കുന്നുണ്ട്. അക്ഷരങ്ങൾക്ക് പിന്നിൽ ദൈവവും ദൈവിക മൂല്യങ്ങളും മറഞ്ഞിരിക്കുന്നുണ്ട്. വചനം മാംസം ധരിച്ചവനിലാണ് നാം വിശ്വസിക്കുന്നത്.

എറണാകുളം-അങ്കമാലി അതിരൂപതയുടെ അംഗങ്ങളോട് പ്രത്യേകമായി രണ്ട് കാര്യങ്ങൾ ഓർമ്മപ്പെടുത്തട്ടെ. സത്യദീപം നമ്മുടെ പത്രമാണ്. നാം അത് വാങ്ങിക്കണം, വായിക്കണം, പ്രചരിപ്പിക്കണം. എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും അത് ഉണ്ടാകാൻ ഇടവരണം. അതിനു വികാരിയച്ചന്മാരും കുടുംബയൂണിറ്റുകളും വിശ്വാസപരിശീലകരും പ്രത്യേക ശ്രദ്ധ എടുക്കണം. *Light of Truth* എന്ന പേരിൽ ഒരു ദ്വൈവാരികയും സത്യദീപത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്നുണ്ട്. യൂട്യൂബ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, വെബ്സൈറ്റ് പ്ലാറ്റ്ഫോമുകളിലും *'സത്യദീപം ഓൺലൈൻ'* എന്ന പേരിൽ വാരികയുടെ സാന്നിധ്യം ഉണ്ട്. നാം അതിനെ ശക്തമായി പിന്തുണയ്ക്കണം. സഭാജീവിതത്തിന്റെ സാക്ഷ്യങ്ങളും സംവാദങ്ങളും വായിച്ച് മനുഷ്യമഹത്വത്തിന്റെ കഥകൾ പറഞ്ഞ്, പ്രചരിപ്പിച്ചു വേണം നമ്മുടെ മാധ്യമ സംസ്കാരം വളരുവാൻ. അത്

വരും തലമുറയെ പഠിപ്പിക്കണം. അത് ഒരു തുടർവിശ്വാസപരിശീലനം കൂടിയാണ്.

സത്യദീപം ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ഈ ഫൊറോനയിലെ എല്ലാ ഇടവകകളും ചേർന്ന്, വരും മാസങ്ങളിൽ സാംസ്കാരിക കൂട്ടായ്മകളോ സംവാദങ്ങളോ ഉൾക്കൊള്ളുന്ന പരിപാടികൾ സംഘടിപ്പിക്കണമെന്നും അതിന്റെ പ്രചരണം ശക്തമാക്കണമെന്നും ഞാൻ സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. കാരണം ഈ വാരിക ഒരു സംഭാഷണ സംസ്കാരമാണ്. ചിന്താശൈലിയാണ്. സങ്കുചിത ചിന്തകൾ വളർന്നുവരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ യുവതലമുറയെ വിശാലമായ വായനയിലേക്കും ചിന്തയിലേക്കും നയിക്കാൻ ഈ പ്രസിദ്ധീകരണവും നമ്മുടെ ഭവനത്തിൽ ഉണ്ടാകണം.

വിതക്കാരന്റെ ഉപമ നമ്മുടെ കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ (മത്തായി 13:1-9). ചില വിത്തുകൾ വഴിയരികിലും, ചിലത് പാറപ്പുറത്തും, ചിലത് മുള്ളുകൾക്കിടയിലും വീണു. എങ്കിലും മണ്ണിന്റെ പോരായ്മകൾ കൊണ്ട് വിതക്കാരൻ വിതയ്ക്കുന്നത് നിർത്തിയില്ല. ഒരു നൂറ്റാണ്ടായി, നമ്മുടെ ഈ വാരികയും അതുപോലൊരു വിതക്കാരനാണ്: വചനവും സത്യവും സുവിശേഷ മൂല്യങ്ങളും എല്ലാത്തരം ഹൃദയങ്ങളിലും - വിശ്വാസമുള്ളവരിലും, ഇല്ലാത്തവരിലും, വിശ്വാസത്തെ എതിർക്കുന്നവരിൽ പോലും - അത് വിതച്ചുകൊണ്ടിരുന്നു. നല്ല മണ്ണിൽ വീണ വിത്ത് മുപ്പതും അറുപതും നൂറും മേനി ഫലം പുറപ്പെടുവിച്ചതുപോലെ, അത് നമ്മുടെ ജനത്തിന്റെ വിശ്വാസത്തിൽ വലിയ ഫലങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സത്യദീപം വാരികയുടെ ശതാബ്ദി ആഘോഷങ്ങൾ ഈ മാസം എട്ടാം തീയതി കലൂർ റിന്യൂവൽ സെന്ററിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെടുന്നു. വാരികയുടെ നടത്തിപ്പിലും പ്രചരണത്തിലും ഈ ശതാബ്ദി വർഷത്തിൽ എല്ലാ ആശംസകളും നേരുന്നു.

നമ്മുടെ കർത്താവ് ഈശോമിശിഹായുടെ കൃപയും സമാധാനവും എല്ലാവർക്കും ഉണ്ടാകട്ടെ.

✠ ആർച്ചുബിഷപ്പ് ജോസഫ് പാംപ്ലാനി
എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി

..............................................

N.B.: ഈ സർക്കുലർ 2026 ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**സർക്കുലർ: 4/2026**

# അതിരൂപതാ ദൈവവിളി ദിനം: 2026

*'ഇതാ ഞാൻ, എന്നെ അയച്ചാലും!"*

*(വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 4-നുശേഷം വരുന്ന ഞായറാഴ്ച അതിരൂപതാ ദൈവവിളി ദിനമായി ആചരിക്കുന്നു. ഇതിനോടനുബന്ധിച്ച് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് നൽകുന്ന സർക്കുലർ)*

പ്രിയ മാതാപിതാക്കളേ, യുവജനങ്ങളേ, കുഞ്ഞുമക്കളേ,

ലോകത്തിന്റെ നന്മയ്ക്കു വേണ്ടിയുള്ള തന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന് കൂട്ടുവേലക്കാരായി ദൈവം തെരഞ്ഞെടുക്കുന്നത് മനുഷ്യരെയാണ്. 'ആരെയാണ് ഞാൻ അയക്കുക?' എന്ന് ചോദിക്കുന്ന ദൈവത്തോട് 'ഇതാ ഞാൻ, എന്നെ അയച്ചാലും!' എന്ന് മറുപടി നൽകുന്ന ഏശയ്യാ പ്രവാചകന്റെ വാക്കുകൾ (എശയ്യ 6:8) ദൈവത്തിൽ വിശ്വസിക്കുന്ന സകലർക്കും മാതൃകയും പ്രചോദനവുമാണ്. ക്രിസ്തു ഏറ്റെടുത്ത് പൂർത്തീകരിച്ചതും സഭയിലൂടെ തുടരുന്നതുമായ ദൈവത്തിന്റെ രക്ഷാപദ്ധതിക്കായി, സകലവിധ ഭയങ്ങളും സ്വാർത്ഥ താല്പര്യങ്ങളും മാറ്റിവച്ച് സ്വയം സമർപ്പിക്കാൻ ക്രിസ്തു ശിഷ്യരായ നമുക്കു കഴിയണം.

ദൈവവിളി എന്നത് ഏതാനും വ്യക്തികൾക്ക് മാത്രമുള്ള ഒരു പ്രത്യേക വിളിയല്ല. മറിച്ച്, ഓരോരുത്തർക്കും അവരവരുടെ ജീവിതം ഏറ്റവും ഫലപ്രദവും സന്തോഷപ്രദവുമായി ജീവിക്കാൻ ദൈവം നൽകുന്ന പ്രത്യേക ക്ഷണമാണ്. ഈ ക്ഷണത്തിന് ഉദാരമായ മറുപടി നൽകുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്.

ദൈവവിളിയുടെനിരവധി ഉദാഹരണങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ നമുക്ക് കാണാം. സ്വന്തം നാടുവിട്ട് ദൈവം നിർദേശിച്ച മറ്റൊരു ദേശത്തേക്കു പോകാൻ അബ്രാഹത്തെ വിളിച്ചത് ദൈവമാണ്. ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് ഇസ്രായേൽജനത്തെ മോചിപ്പിക്കുവാൻ മോശയെ വിളിച്ചത് ദൈവമാണ്. പുതിയനിയമ കാലഘട്ടത്തിൽ 'എന്നെ അനുഗമിക്കുവിൻ' എന്ന് പറഞ്ഞ് ശിഷ്യന്മാരെ ഓരോരുത്തരെയും വിളിച്ചത് ഈശോയാണ്. ഈ വിളികളിൽ എല്ലാം മനുഷ്യന്റെ യോഗ്യതയെക്കാൾ ദൈവത്തിന്റെ പദ്ധതികളാണ് വെളിപ്പെടുന്നത്. പലപ്പോഴും മനുഷ്യരിൽ ഏറ്റവും കഴിവുള്ളവരെ അല്ല ദൈവം വിളിക്കുന്നത്, മറിച്ച് ദൈവത്തിന്റെ കരങ്ങളിൽ സ്വയം സമർപ്പിക്കാൻ

തയ്യാറുള്ളവരെയാണ് അവിടുന്ന് വിളിക്കുന്നത്. ദൈവത്തിന്റെ കരുണയും മനുഷ്യന്റെ എളിമയുമാണ് ദൈവവിളിയുടെ ചേരുവകൾ. ഏശയ്യാ പ്രവാചകൻ ഒരു ഉദാഹരണമാണ്. സ്വന്തം അപര്യാപ്തതയും അയോഗ്യതയും വ്യക്തമായി തിരിച്ചറിഞ്ഞിട്ടും ദൈവത്തിന്റെ സ്വരം ശ്രവിച്ചപ്പോൾ ഏശയ്യ ധൈര്യത്തോടെ പറഞ്ഞു: 'ഇതാ ഞാൻ, എന്നെ അയച്ചാലും!'

ദൈവം വിളിക്കുമ്പോൾ മനുഷ്യന് മുമ്പിൽ രണ്ട് സാധ്യതകളുണ്ട്: വിളി സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാം. ദൈവത്തിന്റെ വിളി സ്വീകരിച്ച് ദൈവിക പദ്ധതികളോട് സഹകരിക്കുന്നവരാണ് അവരവരുടെയും ചുറ്റുമുള്ള ലോകത്തിന്റെയും ചരിത്രത്തെ മാറ്റിമറിക്കുന്നത്. വാക്കാൽ സ്വീകരിച്ചതു കൊണ്ടോ ജീവിത സാഹചര്യങ്ങൾ മാറ്റം വരുത്തിയതുകൊണ്ടോ ഒരാൾ ദൈവവിളിയോട് അനുകൂലമായി പ്രതികരിച്ചു എന്ന് പറയാനാവില്ല. ദൈവ മേൽപ്പിക്കുന്ന ദൗത്യത്തിന് ജീവിതം മുഴുവൻ ഹൃദയപൂർവ്വം സമർപ്പിക്കു മ്പോഴാണ് ഒരാൾ ദൈവവിളി സ്വീകരിച്ചു എന്ന് പറയാനാവുന്നത്.

പൗരോഹിത്യ ധർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടോ സന്യാസം വരിച്ചുകൊണ്ടൊ കുടുംബജീവിതം നയിച്ചുകൊണ്ടൊ ഏകസ്ഥരായി ജീവിച്ചുകൊണ്ടൊ നമോരോരുത്തരെയും നാമുൾപ്പെടുന്ന ലോകത്തെയും കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാകാൻ ദൈവം നമ്മെ വിളിക്കുന്നു. ഓരോ വിളിയും പ്രധാനപ്പെട്ടതാണ്, പകരം വയ്ക്കാനാവാത്തതുമാണ്. എങ്കിലും ദൈവവിളി എന്നു പറയുമ്പോൾ പൊതുവിൽ ഉദ്ദേശിക്കുന്നത് പൗരോഹിത്യ-സന്യാസ ജീവിതങ്ങളിലേക്കുള്ള വിളികളാണ്. അതിരൂപതാ ദൈവവിളി ദിനമായ ഇന്ന് പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കുമുള്ള ദൈവവിളിയെക്കുറിച്ച് നമുക്ക് കൂടുതലായി ചിന്തിക്കേണ്ടതുണ്ട്.

സാങ്കേതികവിദ്യയും ഭൗതിക നേട്ടങ്ങളും വർദ്ധിച്ചുവരുന്ന ഇന്നത്തെ ലോകത്ത് ദൈവവും ദൈവത്തിന്റെ ദരിദ്രരും പലപ്പോഴും അവഗണിക്ക പ്പെടുന്നു. ധനത്തിന്റെയും സുഖത്തിന്റെയും പിന്നാലെയുള്ള മത്സരയോട്ട ത്തിനിടയിൽ ജീവനും നിലനിൽപ്പിനും വേണ്ടി നിലവിളിക്കുന്നവർക്കുവേണ്ടി ഒരു നിമിഷം നിൽക്കാൻ പലർക്കും സമയമില്ല. തിരക്കുകളുടെ ഒഴികഴിവുകൾ പറയാതെ പലതരത്തിൽ പിന്നിലായിപോയവരുടെ ഒപ്പമായിരിക്കാനും പ്രത്യാശയും സ്നേഹവും കരുണയും പകരാനും സന്മനസ്സുള്ള മനുഷ്യരെ ലോകത്തിന് ആവശ്യമുണ്ട്. സൗഖ്യത്തിന്റെ വചനം പ്രഘോഷിക്കുവാനും വീണു പോയവരെ പിടിച്ചുയർത്താനും മനസ് ഇടിഞ്ഞവർക്ക് വേണ്ടി പ്രാർത്ഥി ക്കാനും, അങ്ങനെ ലോകത്തിൽ ഒരു നല്ല വാർത്തയാകാനും ദൈവം അനേകം യുവജനങ്ങളെ ഇന്നും വിളിക്കുന്നുണ്ട്. പൗരോഹിത്യത്തിലൂടയും സന്യാസ ത്തിലൂടെയും ദൈവത്തിനും ദൈവജനത്തിനും സ്വയം സമർപ്പിച്ചവർ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

അദൃശ്യനായ ദൈവം എങ്ങനെയാണ് ഒരാളെ വിളിക്കുന്നത് എന്ന ചിന്ത പലരുടെയും ഉള്ളിലുണ്ടാകാം. വ്യത്യസ്തവും വ്യക്തിപരവുമായ സാഹചര്യങ്ങളിലൂടെയാണ് ഒരാൾ ദൈവവിളി തിരിച്ചറിയുന്നത്. ബാല്യം മുതലേ വിശുദ്ധ കുർബാനയോടുള്ള ഭക്തി, പള്ളിയോടും ദൈവീക കാര്യങ്ങളോടും തോന്നുന്ന അടുപ്പം, എനിക്കൊരു വൈദികനാകണം അഥവാ സിസ്റ്റർ ആകണം എന്ന ആഗ്രഹം, ചില വൈദികരുടെയും സന്യസ്തരുടെയും ജീവിത മാതൃക നൽകുന്ന പ്രചോദനം, ഈശോയെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കാനും സഹായിക്കാനുമുള്ള ഉൾവിളി – ഇവയൊക്കെ ദൈവവിളിയുടെ സൂചനകളായി കണക്കാക്കാം.

വികാരിയച്ചനോ മറ്റു വൈദികരോ സിസ്റ്റേഴ്സോ വിശ്വാസ പരിശീലകരോ ദൈവവിളി കണ്ടെത്താൻ പലരെയും സഹായിക്കാറുണ്ട്. എന്നാൽ കുടുംബങ്ങളിലാണ് ദൈവവിളികൾ ആദ്യമായി തിരിച്ചറിയപ്പെടേണ്ടത്. അടിയുറച്ച ക്രൈസ്തവ വിശ്വാസവും പ്രാർത്ഥനാ ചൈതന്യമുള്ള കുടുംബങ്ങളിൽ വളരുന്ന കുട്ടികൾക്ക് ദൈവവിളി സ്വീകരിക്കാൻ എളുപ്പമാണ്. മാതാപിതാക്കൾ ദൈവവിളി പ്രോത്സാഹിപ്പിക്കണം. തന്റെ മക്കളെക്കുറിച്ച് ദൈവത്തിനുള്ള സ്വപ്നം എന്താണെന്നു തിരിച്ചറിയാൻ മാതാപിതാക്കൾ ധ്യാനാത്മകമായി ദൈവസ്വരത്തിന് കാതോർക്കണം. ദൈവം ദാനമായി നൽകിയ മക്കളെ ദൈവത്തിനായി സമർപ്പിക്കുമ്പോൾ കുടുംബവും സമൂഹവും അനുഗ്രഹീതമാകുന്നു എന്ന സത്യം മാതാപിതാക്കൾ മനസ്സിലാക്കണം.

പത്താം ക്ലാസ് പഠനമാണ് സെമിനാരിയിലോ കന്യാസ്ത്രീ മഠത്തിലോ ചേരാനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. പ്ലസ് ടു പഠനത്തിനു ശേഷവും ബിരുദ ബിരുദാനന്തര പഠനങ്ങൾക്ക് ശേഷവും ദൈവവിളി തിരിച്ചറിഞ്ഞ് സെമിനാരിയിലും മഠത്തിലും ചേരുന്നവരും നിരവധിയാണ്. ഒരാളുടെ കഴിവുകളെക്കാളും നേട്ടങ്ങളെക്കാളും ദൈവം നോക്കുന്നത് ദൈവത്തെ സ്നേഹിക്കാനും ദൈവഹിതം പൂർത്തിയാക്കാനും അയാൾ തയ്യാറാണോ എന്നതാണ്. സമ്പൂർണ്ണവും സ്നേഹപൂർവ്വമായ സമർപ്പണത്തിനുമുമ്പിൽ കുറവുകളും ബലഹീനതകളും അപ്രസക്തമാണ്.

ആഗോള കത്തോലിക്കാ സഭയ്ക്ക് ഏറ്റവും അധികം വൈദികരെയും സന്യസ്തരെയും സംഭാവന ചെയ്ത രൂപതകളിൽ മുൻനിരയിലാണ് നമ്മുടെ അതിരൂപതയുടെ സ്ഥാനം. തൃക്കാക്കരയിൽ ഉള്ള നമ്മുടെ അതിരൂപത മൈനർ സെമിനാരിയിലും വിവിധ മേജർ സെമിനാരികളിലുമായി 129 സെമിനാരിക്കാർ അതിരൂപതയ്ക്ക് വേണ്ടി ഇപ്പോൾ വൈദിക പരിശീലനം നേടുന്നുണ്ട്. വൈദിക സന്യാസ പരിശീലനത്തിൽ ആയിരിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കാൻ ഇന്നേ ദിനം നാം ശ്രദ്ധിക്കണം. വൈദികരാകാനും സിസ്റ്റേഴ്സ് ആകാനും താല്പര്യമുള്ള കുട്ടികളെ തിരിച്ചറിയാൻ വികാരിയച്ചന്മാരും

വിശ്വാസ പരിശീലകരും പരിശ്രമിക്കണം. നമ്മുടെ അതിരൂപതയെ ഇത്രമേൽ ശ്രേഷ്ഠമായി വളർത്തിയ നമ്മുടെ മുൻതലമുറകളിലെ വൈദികരുടെ പാത പിൻതുടരാൻ ഈശോ യുവജനങ്ങളെയും കുട്ടികളെയും പ്രചോദിപ്പിക്കുന്നുണ്ട്. അങ്ങനെയുള്ള കുട്ടികളുടെ പേരുകൾ വികാരിയച്ചൻ വഴി അതിരൂപത വൊക്കേഷൻ പ്രമോട്ടറെ അറിയിക്കണം.

ഈശോയുടെ സ്വന്തമാകാനും ഈശോയുടെ സുവിശേഷം പ്രഘോഷിക്കാനും ഈശോ നൽകുന്ന സമാധാനവും സന്തോഷവും അനേകർക്ക് പകർന്നു നൽകാനും ധാരാളം ദൈവവിളികൾ നമ്മുടെ കുടുംബങ്ങളിൽ നിന്നുണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

✠ ആർച്ചുബിഷപ്പ് ജോസഫ് പാംപ്ലാനി
എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി

..............................................

N.B.: ഈ സർക്കുലർ 2026 ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

# കച്ചേരിക്കാര്യം

## 1) വിയാനി ദിനാഘോഷം: ആഗസ്റ്റ് 3-ാം തീയതി, തിങ്കളാഴ്ച

വൈദികരുടെ സ്വർഗീയ മദ്ധ്യസ്ഥനായ **വിശുദ്ധ ജോൺ മരിയ വിയാനി**യുടെ തിരുനാൾ ആഗസ്റ്റ് 4 ചൊവ്വാഴ്ചയാണല്ലോ. തിരുനാളിനോട് അനുബന്ധമായി **ആഗസ്റ്റ് 3-ാം തീയതി തിങ്കളാഴ്ച 10.30-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ** അതിരൂപതയിലെ വൈദികർ ഒത്തുചേരുന്നു. അന്നേ ദിവസം പൗരോഹിത്യത്തിന്റെ 25 ഉം 50 ഉം വർഷങ്ങൾ പിന്നിടുന്ന ജൂബിലേറിയൻസിനെ പ്രത്യേകം ആദരിക്കുന്നതാണ്. നമ്മുടെ അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരേയും പ്രത്യേകിച്ച്, ഈ വർഷം സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന വൈദികരേയും ഈ ആഘോഷത്തിലേക്കു ഹാർദമായി ക്ഷണിക്കുന്നു. വിയാനി ദിനാഘോഷത്തിൽ പങ്കുചേരുന്നതിനും ജൂബിലേറിയൻസിനോ

ടൊപ്പം ദൈവത്തിന് നന്ദിപറയുന്നതിനും അവരെ ആദരിക്കുന്നതിനും അതിരൂപതയ്ക്കായി പൗരോഹിത്യം സ്വീകരിച്ചവരും ഇപ്പോൾ അതിരൂപതയിലെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്നവരുമായ എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരും കൃത്യ സമയത്തുതന്നെ എത്തിച്ചേരുമല്ലോ.

## 2) വൈദികരുടെ വാർഷിക ധ്യാനം – ബാച്ച് 4

**ആഗസ്റ്റ് 16–ന്** നാലാം ബാച്ച് വൈദികരുടെ വാർഷിക ധ്യാനം ചുണങ്ങംവേലി നിവേദിതയിൽ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് *എറണാകുളം മിസ്സം*, മെയ് 2026, പേജ് 10–16 കാണുക.

പങ്കെടുക്കേണ്ട വൈദികരുടെ പേരുകൾ:

1. Akkanath Jacob (Manu)
2. Alakkadan Peter
3. Ambooken Paul (Jeny)
4. Chakiath Elias (Biju)
5. Channappallil Sebastian
6. Cherupilly Paul (Shaju)
7. Chethimattam Abraham (Ginu)
8. Chillackal Thomas
9. Chirackal Joseph (Joshy)
10. Chirackal Manavalan Joseph (Jiril)
11. Chittilapilly Joseph (Melvin)
12. Chittinappillly Paul
13. Edassery Martin (Sminto)
14. Edassery Varghese (Baiju) (Jr.)
15. Edassery Varghese (Sr.)
16. Kaiprampadan Paul
17. Kalapurackal Joseph (Abin)
18. Kalathil Joseph (Babu)
19. Kallarackal Sebastian (Jijo)
20. Kandathil Joseph (Biju)
21. Kannampuzha Joseph (Reju)
22. Kannampuzha Varghese (Santo)
23. Kannattu John (Jibin)
24. Kariyil Thomas
25. Karthanam Mathew
26. Kattakkakathoottu Antony (Bony)
27. Kidangan Kuriakose (Subin)
28. Kiliyelkudy Paul (Anil)
29. Kilukkan Thomas (Binto)
30. Kiriyanthan Joe Paul
31. Kodiyan Paul Raj
32. Kolenchery Joy
33. Konuparamban Sebastian (Shijo)
34. Koovely Varghese (Sujith)
35. Kottakkal Antony (Tony)
36. Kumpail Vakkachan (Varghese)
37. Kunnathoor Lukose
38. Kunnel Joseph (Vinu)
39. Madassery Johnson (Jofin)
40. Madavana Davis
41. Maipan Jose
42. Maippan Thomas (Ancil)
43. Maliakal Varkey (Athul)
44. Maliyekkal Antony (Tony)
45. Manavalan Praveen
46. Manayampilly Paul
47. Mandanath Jose
48. Manickathan Varghese (Dinto)
49. Manikathan George
50. Manjaly Jacob
51. Meledath Paul (Jaison)
52. Menachery Varghese (Akhil)
53. Moonjely George
54. Moonjely Paul
55. Mulavarickal Ouseph (Nikhil)
56. Mundadan Kuriakose

57. Mynatty Hormis
58. Nangelimalil Thomas
59. Nazhiyampara Sebastian
60. Nellissery Sebastian
61. Oliapurath Jose
62. Padannakkal Davis (Ajil)
63. Padayattil Peter (Sajo)
64. Palatty Sebastian
65. Palatty Varghese (Jr.)
66. Pallipatt Joseph (Jinu)
67. Pallippadan Poulose (Akhil)
68. Pallippattu Joseph (Jith)
69. Pallippattu Paul (Nikhil)
70. Panikulangara Joseph (Ajay)
71. Parackal Antony (Subin)
72. Perumayan Antony (Msgr.)
73. Ponthempilly Varghese (Baiju)
74. Poonoly Sebastian (Bineesh)
75. Pottoly Sebastian
76. Pozholiparambil Jacob (Jeff)
77. Puthussery Jacob
78. Puthussery Jose (P)
79. Puthussery Thomas (K)
80. Puthussery Varghese (Able)
81. Thadikkaren Thomas (Tom Leo)
82. Thamaravely Joseph
83. Thejus Alexis (Alex)
84. Thelakkat Jose
85. Thelakkat Xavier (Sr.)
86. Thiruthanathil Peter
87. Thottiyil James
88. Vadakkumpadan Sebastian (Jr.2)
89. Valiaveettil Varghese (Arun)
90. Varikkattupadam Mathew (Vinil)
91. Vattapparambil Antony
92. Veliyil Antony (Riju)
93. Vembulliyath Martin (Binu)

## 3) പൂർണ്ണ ദണ്ഡവിമോചനം

ഫ്രാൻസിസ്കൻ വർഷാചരണത്തോടനുബന്ധിച്ച് ലിയോ പതിനാലാമൻ മാർപാപ്പ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ നാമധേയത്തിലുള്ള എല്ലാ ദേവാലയങ്ങളേയും ഫ്രാൻസിസ്കൻ ചൈതന്യത്തിൽ ജീവിക്കുന്ന സന്യാസ സമൂഹങ്ങളുടെ ആശ്രമ ദേവാലയങ്ങളേയും പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള സ്ഥലങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെയാണ് ഫ്രാൻസിസ്കൻ വർഷാചരണം.

നമ്മുടെ അതിരൂപതയിൽ ഫ്രാൻസിസ്കൻ വർഷാചരണത്തോടനുബന്ധിച്ച് അതിരൂപതയിലെ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ നാമത്തിലുള്ള

1. **ആമ്പല്ലൂർ, സെന്റ് ഫ്രാൻസിസ് അസീസി ദേവാലയം**
2. **അത്താണി, സെന്റ് ഫ്രാൻസിസ് അസീസി ദേവാലയം**
3. **കാക്കനാട്, സെന്റ് ഫ്രാൻസിസ് അസീസി ദേവാലയം, എന്നിവയോടൊപ്പം,**
4. **നസ്രത്ത് കപ്പൂച്ചിൻ ആശ്രമം, ആലുവ**
5. **സാൻജോ കപ്പൂച്ചിൻ ആശ്രമം, തലപ്പാറ**
6. **അസീസി ശാന്തികേന്ദ്ര, കറുകുറ്റി** എന്നീ ഫ്രാൻസിസ്ക്കൻ ആശ്രമങ്ങളെയും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള ദേവാലയങ്ങൾ ആയി മെത്രാപ്പോലീത്ത പ്രത്യേകം പ്രഖ്യാപിച്ചിരിക്കുന്നു.

## 4) Transfers/Appointments of Priests

**July 2026**

| | |
|---|---|
| Arangassery Jomesh OFM Cap. | Secular Franciscan Order (SFO) - Regional Spiritual Asst. (Vallam Zone) |
| Kachirackal Mathew (Martin) | Prison Ministry India (PMI) - Archdiocesan Director |
| Kattayil Mathew (Denny) | Thevakkal (Relieved - Spiritual Director, S.H. Minor Seminary-Gurukulam) |
| Kizhakkettam Sebastian | Italy - Pastoral Work |
| Koovely Varghese (Sujith) | Pongam - Naipunnya College (NIMIT) - Asst. Executive Director & Kuruppam, Priest-in-charge |
| Kunnath Thomas MTSD | Edappally - Resident Priest |
| Mulavarickal Varghese (Bibin) | KCYM - Asst. Director |
| Mundadan Jose OFM Cap. | Secular Franciscan Order (SFO) - Archdiocesan Director (Angmaly, Koratty Zone) |
| Poovathingal Paul OFM Cap. | Secular Franciscan Order (SFO) - Regional Spiritual Asst. (Amballoor Zone) |
| Thettayil George (Charles) | N.G.O. Quarters - Priest-in-charge |
| Thottappilly Davis OFM Cap. | Secular Franciscan Order (SFO) - Regional Spiritual Asst. (Aluva Zone) |
| Thottiyil Varghese (Lal) | Sabbatical Leave |
| Vadakkan Antony OFM Cap. | Secular Franciscan Order (SFO) - Regional Spiritual Asst. (Manjapra Zone) |

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# നിര്യാതനായി



## ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ

**ജനനം : 06/10/1952**
**തിരുപ്പട്ടം : 07/04/1976**
**മരണം : 02/07/2026**

ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ മാണിക്കത്താൻ അച്ചൻ 1952 ഒക്ടോബർ ആറാം തീയതി താന്നിപ്പുഴ മാണിക്കത്താൻ മാത്യു-റോസ ദമ്പതികളുടെ ഏഴു മക്കളിൽ ഒരാളായി ജനിച്ചു. സിസിലി, മേരി, മത്തായി, ജോസ്, മാണി, ജോൺസൺ എന്നിവർ സഹോദരങ്ങളാണ്.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് മംഗലാപുരം സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് വൈദിക പരിശീലനം പൂർത്തിയാക്കി. 1976 ഏപ്രിൽ 7-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ കിഴക്കമ്പലം പള്ളിയിൽ സഹ വികാരിയായും പാതാളം, ഏലൂർ, ശ്രീമൂലനഗരം, അശോകപുരം, കാരണക്കോടം, കുഴുപ്പിള്ളി, കറുകുറ്റി, ചേർത്തല-മുട്ടം, മുരിങ്ങൂർ, സാൻജോനഗർ, കുടവെച്ചൂർ എന്നിവിടങ്ങളിൽ വികാരിയായും കർദിനാൾ മാർ ആന്റണി പടിയറ പിതാവിന്റെ സെക്രട്ടറിയായും ലിസി ആശുപത്രി ജോയിന്റ് ഡയറക്ടറായും അതിരൂപതാ പ്രൊക്കുറേറ്ററായും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. കഴിഞ്ഞ കുറച്ച് നാളുകളായി രോഗാവസ്ഥയിൽ ആയിരുന്ന അച്ചൻ പൊതി സാന്തോം പ്രീസ്റ്റ്സ് ഹോമിൽ വിശ്രമിക്കുകയായിരുന്നു. രോഗം ഗുരുതരമായതിനെതുടർന്ന് ലിസി ആശുപത്രിയിൽ ചികിത്സയിലായിരുന്ന അച്ചൻ 2026 ജൂലൈ 2-ാം തീയതി രാവിലെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

അച്ചന്റെ മൃതശരീരം 2026 ജൂലൈ 4 -ാം തീയതി രാവിലെ 7.30 മുതൽ സഹോദരൻ പരേതനായ ശ്രീ. ജോൺസന്റെ ഭവനത്തിലും തുടർന്ന് 12.00 മണി മുതൽ അച്ചന്റെ ഇടവക ദേവാലയമായ താന്നിപ്പുഴ സെന്റ് ജോസഫ് പള്ളിയിലും പൊതുദർശനത്തിനു വച്ചു. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ബ. സെബാസ്റ്റ്യൻ മാണിക്കത്താൻ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ്

ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് 2.30ന് മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. വികാരി ജനറൽ പെരിയ ബഹുമാനപ്പെട്ട ആന്റോ ചേരാംതുരുത്തിയച്ചൻ മുഖ്യകാർമ്മികനായിരുന്നു. മഞ്ഞപ്ര ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട വർഗീസ് പൊട്ടയ്ക്കലച്ചനും വല്ലം ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ മാടശ്ശേരി അച്ചനും സെബാസ്റ്റ്യൻ മാണിക്കത്താനച്ചന്റെ സഹപാഠിയായ വിൻസന്റ് പറമ്പത്തറ അച്ചനും ഇടവകാംഗമായ ജോൺസൺ പൊന്തേമ്പിള്ളി എസ്. ഡി. ബി. അച്ചനും സഹകാർമ്മികരായിരുന്നു.

വിശുദ്ധഗ്രന്ഥ വായനക്കുശേഷം മഞ്ഞപ്ര ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട വർഗീസ് പൊട്ടയ്ക്കലച്ചൻ, സെബാസ്റ്റ്യനച്ചനെ സുവിശേഷ ഗ്രന്ഥം മുത്തിച്ചു. സുവിശേഷ സന്ദേശം നൽകിയത് ബഹുമാനപ്പെട്ട ജസ്റ്റിൻ കൈപ്രമ്പാടനച്ചനാണ്. സെബാസ്റ്റ്യൻ അച്ചൻ ഔന്നത്യപൂർണമായ ഹൃദയ ത്തിന്റെ ഉടമയായിരുന്നു. പ്രതിസന്ധികൾ എത്ര സങ്കീർണമായിരുന്നാലും അവയെ ശാന്തതയോടെയും സൗമ്യതയോടെയും വിവേകത്തോടെയും നേരിടുക എന്നത് അച്ചന്റെ ജീവിതശൈലിയായിരുന്നു. ദൈവജനത്തെ എന്നും തന്നേക്കാൾ ശ്രേഷ്ഠരായി ആദരിക്കുകയും, താൻ ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിലെ ഒരു എളിയ വേലക്കാരൻ മാത്രമാണെന്ന വിനയ ബോധത്തോടെ ജീവിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു അദ്ദേഹ ത്തിന്റേത്.

ചേർത്തല മുട്ടം ഫൊറോന പള്ളിയുടെ വികാരിയായിരിക്കെ, വയലാർ പള്ളി യുടെ നിർമ്മാണവും ചേർത്തല മുട്ടം ഫൊറോന പള്ളിയുടെ നവീകരണ പ്രവർത്തനങ്ങളും ഒരേസമയം ഏറ്റെടുത്ത്, അതെല്ലാം കൃത്യതയോടെയും ഭംഗിയോടെയും വിജയകരമായി പൂർത്തിയാക്കാൻ അദ്ദേഹത്തിന് സാധിച്ചു. ആത്മാർത്ഥതയും സംഘാടനമികവും അർപ്പണബോധവും അതിന് ശക്തമായ അടിത്തറയായി.

സത്യസന്ധത അച്ചന്റെ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു. സ്ഫടിക സമാനമായ സുതാര്യതയും നീതിബോധവും അദ്ദേഹത്തിന്റെ എല്ലാ പ്രവർ ത്തനങ്ങളിലും പ്രതിഫലിച്ചിരുന്നു. മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പി ക്കുന്ന ക്രിസ്തുസ്നേഹം അദ്ദേഹത്തിന്റെ ഹൃദയത്തിൽ എന്നും നിറഞ്ഞു നിന്നു. അത്യന്തം ലളിതമായ ജീവിതം നയിച്ചിരുന്ന അദ്ദേഹം ദീർഘനേരം ദേവാലയത്തിൽ പ്രാർത്ഥനയിൽ ചെലവഴിക്കുകയും സ്വന്തം ആവശ്യങ്ങളെ ക്കാൾ മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകി സമയം കണ്ടെ ത്തുകയും ചെയ്തിരുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സെബാസ്റ്റ്യൻ അച്ചൻ വിലമതി ക്കാനാവാത്ത ഒരു മാണിക്യമായിരുന്നു. അതിരൂപതയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ സത്യസന്ധതയും വിവേകവും നയതന്ത്രപാടവവും സമന്വയി

പ്പിച്ച് ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ അദ്ദേഹം മാതൃകാപരമായി നിർവ ഹിച്ചു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വിയോഗം അതിരൂപതക്കും വിശ്വാസിസമൂഹത്തിനും തീരാനഷ്ടവും ആഴമേറിയ ദുഃഖവുമാണെന്ന് അനുസ്മരിച്ചുകൊണ്ടാണ് ജസ്റ്റിൻ അച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചത്.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് കാർമികനായിരുന്നു. അജപാലന ശുശ്രൂഷയിൽ സെബാസ്റ്റ്യനച്ചൻ നടത്തിയ അധ്വാനത്തെയും സ്വീകരിച്ച ക്ലേശങ്ങളെയും അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് നന്ദിയോടെ സ്മരിച്ചു. പ്രിയപ്പെട്ട സെബാസ്റ്റ്യൻ മാണിക്കത്താൻ അച്ചാ, അങ്ങ് നൽകിയ സ്നേഹത്തിനും ലളിതമായ ജീവിതമാതൃകയ്ക്കും മുന്നിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!

●

**എസ്.ഡി. സന്യാസസമൂഹത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച്**
**എസ്.ഡി. ജനറലേറ്റ് ചാപ്പലിനും (തോട്ടുമുഖം),**
**എസ്.ഡി. മദർ ഹൗസ് ചാപ്പലിനും (ചുണങ്ങംവേലി)**

## പൂർണദണ്ഡവിമോചനത്തിനുള്ള അവസരം

എസ്.ഡി. സന്യാസസമൂഹത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് എസ്.ഡി. ജനറലേറ്റ് ചാപ്പലിനും (തോട്ടുമുഖം), എസ്.ഡി. മദർ ഹൗസ് ചാപ്പലിനും (ചുണങ്ങംവേലി) പൂർണദണ്ഡവിമോചനത്തിനുള്ള അവസരം - **2026 മാർച്ച് 19 മുതൽ 2027 മാർച്ച് 19 വരെ** - അനുവദിച്ചുകൊണ്ടുള്ള ഡിക്രി പരിശുദ്ധ പിതാവ് പുപ്പെടുവിച്ചു. ദൈവത്തിന്റെ അതിരില്ലാത്ത കരുണയിൽനിന്നും സഭയുടെ സ്വർഗീയനിധികളിൽ നിന്നും ലഭിക്കുന്ന പൂർണ്ണദണ്ഡവിമോചനം, സാധാരണ നിബന്ധനകൾക്കു കീഴിൽ (കുമ്പസാരം, വിശുദ്ധ കുർബാനസ്വീകരണം, പരിശുദ്ധപിതാവിന്റെ നിയോഗങ്ങൾക്കായി പ്രാർത്ഥന) സത്യമായ പശ്ചാത്താപം ഉള്ളവരും ഉപവിയാൽ നയിക്കപ്പെടുന്നവരുമായ എല്ലാ ക്രിസ്തീയ വിശ്വാസികൾക്കും ഈ അനുഗ്രഹം പ്രാപിക്കാവുന്നതാണ്. ഈ ദണ്ഡവിമോചനം ശുദ്ധീകരണസ്ഥലത്തുള്ള വിശ്വാസികളുടെ ആത്മാക്കൾക്കായി സമർപ്പിക്കാനും സാധിക്കുന്നതാണ്. അതിനാൽ, ദൈവം നമുക്കായി അനുവദിച്ചുതരുന്ന ഈ അനുഗ്രഹം നന്ദിയോടെ, സന്തോഷത്തോടെ നമുക്ക് സ്വീകരിക്കാം.

ചാൻസലർ

# വാർത്തകളും വിശേഷങ്ങളും

## വേദനകൾ സുല്ലിടും; വത്തിക്കാനിലെ ക്രിസ്മസ് ട്രീ അലങ്കരിക്കാൻ കാൻസർ ബാധിതരായ കുട്ടികൾ

കാൻസർ ബാധിതരായ കുട്ടികൾ സ്വന്തം കൈകളാൽ നിർമിച്ച കളിമൺ അലങ്കാരങ്ങൾകൊണ്ട് ഈവർഷത്തെ ക്രിസ്മസിന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിലെ ക്രിസ്മസ് ട്രീ അണിയിച്ചൊരുക്കും. അർബുദ ചികിത്സയിലുള്ള കുട്ടികൾക്ക് മാനസിക ആശ്വാസം നൽകുന്നതിനായി 'ലെനെ തൂൺ ഫൗണ്ടേഷൻ' നടത്തുന്ന തെറാപ്പിയുടെ ഭാഗമായാണ് ഈ സംരംഭം. 2006 മുതൽ ഇറ്റലിയിലെ ആയിരക്കണക്കിന് കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ പിന്തുണ ലഭിച്ചിട്ടുണ്ട്. വത്തിക്കാൻ ഭരണകൂടത്തിന്റെ സഹകരണത്തോടെ ഇറ്റലിയിലെ ടെറനോവ ഡി പൊള്ളിനോ മുനിസിപ്പാലിറ്റി സംഭാവന ചെയ്ത ക്രിസ്മസ് ട്രീയാണ് ഇത്തവണ സ്ഥാപിക്കുന്നത്. അബ്രുസോ പ്രദേശത്തിന്റെ ഗ്രാമീണ പാരമ്പര്യം പ്രതിഫലിപ്പിക്കുന്ന പുൽക്കൂടും ഇതിനോടൊപ്പം ഒരുക്കും. ദൈവകരുണയുടെയും എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ രക്ഷാസന്ദേശത്തിന്റെയും പ്രതീകമായി ഒരു കറുത്ത ആടും പുൽക്കൂടിന്റെ ഭാഗമാകും.

## 'ലിയോ ഇൻ റോം' റിലീസ് ചെയ്തു; പാപ്പയുടെ റോമിലെ ജീവിതം അവതരിപ്പിച്ച് പുതിയ ഡോക്യുമെന്ററി

Pope Leo XIV പാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് റോമിൽ ചെലവഴിച്ച നിർണായക വർഷങ്ങളെ ആസ്പദമാക്കി വത്തിക്കാന്റെ ആശയവിനിമയ ഡിക്കാസ്റ്ററി ഒരുക്കിയ 'ലിയോ ഇൻ റോം' ഡോക്യുമെന്ററി റിലീസ് ചെയ്തു. വത്തിക്കാൻ ന്യൂസിന്റെ 'ലിയോൺ ഡി പെറു', 'ലിയോ ഫ്രം ചിക്കാഗോ' എന്നീ ഡോക്യുമെന്ററികൾക്കുശേഷമുള്ള മൂന്നാമത്തെ ചിത്രമാണിത്. ഏകദേശം ഇരുപത് വർഷത്തോളം റോമിൽ നടത്തിയ വൈദിക-ഭരണ ശുശ്രൂഷകളും അഗസ്തീനിയൻ സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരുന്ന കാലവും പിന്നീട് ബിഷപ്പുമാർക്കായുള്ള വത്തിക്കാൻ ഡിക്കാസ്റ്ററിയുടെ പ്രീഫെക്റ്റായി സേവനമനുഷ്ഠിച്ചതും ഉൾപ്പെടെയുള്ള ജീവിതത്തിലെ പ്രധാന നാഴികക്കല്ലുകളാണ് ഡോക്യുമെന്ററി അവതരിപ്പിക്കുന്നത്. വത്തിക്കാൻ ന്യൂസിന്റെ ഔദ്യോഗിക യൂട്യൂബ് ചാനലിലൂടെയാണ് ഡോക്യുമെന്ററി പുറത്തിറക്കിയിരിക്കുന്നത്.

## ജയത്തിനല്ല, ദൈവത്തിന് നന്ദി; ലോകകപ്പ് ജേതാക്കളായി സ്പെയിൻ

'ജയത്തിന് വേണ്ടിയല്ല, ദൈവത്തിന് നന്ദി പറയാനാണ് ഞാൻ പ്രാർത്ഥിക്കുന്നത്' എന്ന സ്പാനിഷ് പരിശീലകൻ ലൂയിസ് ഡി ലാ ഫ്യൂന്റെയുടെ

വാക്കുകൾ ലോകകപ്പ് ഫൈനലിന് മുമ്പ് ശ്രദ്ധ നേടിയിരുന്നു. നല്ല ആരോഗ്യത്തിനും ജീവിതത്തിലെ ഓരോ അനുഗ്രഹത്തിനും ദൈവത്തോട് നന്ദി പറയുകയാണ് തന്റെ പ്രാർത്ഥനയെന്നും, ജയത്തിനായി പ്രാർത്ഥിക്കുന്നത് എതിരാളികളോടുള്ള അനീതിയാകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു. കത്തോലിക്കാ വിശ്വാസമാണ് തന്റെ ജീവിതത്തിന്റെയും പരിശീലക ജീവിതത്തിന്റെയും കരുത്തെന്ന് തുറന്നുപറഞ്ഞ ഡി ലാ ഫ്യൂന്റെയുടെ നേതൃത്വത്തിൽ സ്പെയിൻ ലോകകപ്പ് കിരീടം സ്വന്തമാക്കി. വിജയത്തേക്കാൾ വിശ്വാസത്തിനും നന്ദിക്കും പ്രാധാന്യം നൽകിയ അദ്ദേഹത്തിന്റെ നിലപാട് ലോകമെമ്പാടുമുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റി.

---

# കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി

## 1) കായികാദ്ധ്യാപക ഒഴിവുകൾ
### അപേക്ഷകൾ ക്ഷണിക്കുന്നു

അതിരൂപത കോർപ്പറേറ്റ് മാനേജുമെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ 1 അധിക തസ്തിക ഒഴിവും, 2 അവധികാല ഒഴിവും നിലവിലുണ്ട്. അധിക തസ്തികയിൽ സ്ഥിരനിയമനത്തിനും അവധികാല ഒഴിവിലെ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനത്തിനും യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത ഫോമുകളിൽ അപേക്ഷ ക്ഷണിക്കുന്നു. ഫോമുകൾ എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ **2026 ആഗസ്റ്റ് 7-ാം** തീയതിക്കകം കോർപ്പറേറ്റ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. **KTET IV** യോഗ്യത പാസ്സായിരിക്കണം.

## 2) സ്വാതന്ത്ര്യ ദിനാഘോഷ റീൽസ് മത്സരം

- സ്കൂൾതല സ്വാതന്ത്ര്യ ദിനാഘോഷമാണ് പ്രമേയമാക്കേണ്ടത്.
- 2 മിനിറ്റിൽ കൂടാതെയുള്ള വീഡിയോ പോർട്രെയ്റ്റ് മോഡിലായിരിക്കണം (portrait mode).
- കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഇ-മെയിലിലേയ്ക്ക് **2026 ആഗസ്റ്റ് 20-**നകം റീൽസ് അയയ്ക്കേണ്ടതാണ്.
- HSS & HS, UP & LP എന്നീ 2 വിഭാഗങ്ങളിലായി മികച്ച 5 റീലുകൾക്ക് 3000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# വിശ്വാസപരിശീലനകേന്ദ്രം

1. **ഡിഡാക്കെ (Didache):** ഡിപ്ലോമാ കോഴ്സ് (STD XII) കഴിഞ്ഞ കുട്ടികൾക്കുവേണ്ടി അതിരൂപതാ വിശ്വാസപരിശീലന വിഭാഗം ഈ വർഷം ആരംഭിക്കുന്ന പ്രോഗ്രാമായ ഡിഡാക്കെയുടെ **ഉദ്ഘാടനവും ആദ്യ ക്ലാസ്സും ആഗസ്റ്റ് മാസം 09-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ കലൂർ റിന്യുവൽ സെന്ററിൽ നടക്കുന്നു.** വിശ്വാസ സത്യങ്ങളേയും, ദൈവശാസ്ത്ര വിഷയങ്ങളേയും, സഭാ വിജ്ഞാനീയ ത്തേയും, ധാർമ്മിക-ആനുകാലിക വിഷയങ്ങളേയും കൂടുതൽ അറിയുവാനും പഠിക്കുവാനും ഇത് സഹായിക്കുന്നു. ഓരോ മാസവും ഓരോ ക്ലാസ്സ് (12 ക്ലാസ്സുകൾ) YOUCAT-നെ അടിസ്ഥാനമാക്കിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

   **ആദ്യ ദിവസമായ ആഗസ്റ്റ് 9-ന്** 'ദൈവാന്വേഷണത്തിന്റെ വിവിധ തലങ്ങൾ' എന്ന ക്ലാസ്സ് എടുക്കുന്നത് റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ (Rector- S.H Minor Seminary, Thrikkakara) ആയിരിക്കും.

2. **2026 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

   **<u>എലൈവ്</u>**

- ആഗസ്റ്റ് 02 ഞായർ: ചേർത്തല, പള്ളിപ്പുറം, വൈക്കം ഫൊറോനകൾ (നൈപുണ്യ കോളേജ്, ചേർത്തല)
- ആഗസ്റ്റ് 16 ഞായർ: കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം ഫൊറോനകൾ (വിശ്വജ്യോതി സ്കൂൾ, വേങ്ങൂർ)

   **<u>എൻലൈറ്റ്</u>**

- ആഗസ്റ്റ് 23 ഞായർ: പറവൂർ ഫൊറോന

3. **ആഗസ്റ്റ് 04 ചൊവ്വ:** ആഗസ്റ്റ് 04 ചൊവ്വ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനം

4. **റെസിഡൻഷ്യൽ കോഴ്സ്:** എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ പോകുവാൻ ആഗ്രഹിച്ചിട്ടും അതിനു സാധിക്കാത്തവർക്കുവേണ്ടി മാത്രം അതിരൂപതാ കേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റെസിഡൻഷ്യൽ കോഴ്സ്.

a) **2026 ആഗസ്റ്റ് 1 മുതൽ 20 വരെ തീയതികളിലാണ് ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിൽ ചേരുന്നവർ അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്നു പേര് രജിസ്റ്റർ ചെയ്യേണ്ടത്.**

b) **2026–2027 അധ്യയനവർഷത്തിലെ റെസിഡൻഷ്യൽ കോഴ്സ് തീയതികൾ:**

**ഒന്നാം വർഷ ഡിപ്ലോമ:**

2026 ഒക്ടോബർ 18, 19 – I^st^ Session

2027 ഏപ്രിൽ 14, 15 – II^nd^ Session

**രണ്ടാം വർഷ ഡിപ്ലോമ:**

2026 ഒക്ടോബർ 20, 21 – I^st^ Session

2027 മെയ് 24, 25 – II^nd^ Session

ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷൻ ഫോമിനും വേണ്ടി **Website: www.catechismernakulam.com**ൽ **Diploma Residential Course** എന്ന **Menu**വിൽ ക്ലിക്ക് ചെയ്യുക. Search ചെയ്യുക.

5. ആഗസ്റ്റ് 15 (ശനി): മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളും, ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും – ഓഫീസ് അവധി.

   ആഗസ്റ്റ് 26 (ബുധൻ): തിരുവോണം – ഓഫീസ് അവധി.

6. **Catechism Teachers' Basic Orientation Course (BOC-Residential):** സെപ്റ്റംബർ 12, 13 തീയതികളിൽ നടക്കുന്ന അദ്ധ്യാപകരുടെ താമസിച്ചുള്ള അടിസ്ഥാനപരിശീലന ക്ലാസുകളിൽ പങ്കെടുക്കാൻ പേരുകൾ നൽകേണ്ട അവസാന തീയതി ആഗസ്റ്റ് 16.

## കാറ്റക്കിസം വാർത്തകൾ

1. **Moozhikkulam Teachers' Forane Convention:** മൂഴിക്കുളം ഫൊറോന അദ്ധ്യാപക കൺവെൻഷൻ 2026 ജൂലൈ 11-ാം തീയതി ശനിയാഴ്ച കരിപ്പാശ്ശേരി സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ നടന്നു. മൂഴിക്കുളം ഫൊറോന വികാരി വെരി. റവ. ഫാ. സേവ്യർ തേലക്കാട്ട് പതാക ഉയർത്തുകയും അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. പോൾ മോറേലി ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ കരിപ്പാശ്ശേരി പള്ളി വികാരി റവ. ഫാ. ബിനീഷ് പൂണോളി അധ്യക്ഷനായിരുന്നു. വിശ്വാസപരിശീലനത്തിൽ 25, 40, 50 വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർക്കും ലോഗോസ് റാങ്ക് ജേതാക്കളായ അധ്യാപകർ

ക്കും മെമന്റോ നൽകി ആദരിച്ചു. ഡിജിറ്റൽ വെൽനെസ്സിനെകുറിച്ച് ഡോ. ഹെന ഓറിയന്റേഷൻ ക്ലാസ്സ് നടത്തി. അതിരൂപത വിശ്വാസപരിശീലന വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സച്ചിൻ മാമ്പുഴയ്ക്കൽ നേതൃത്വം കൊടുത്ത Interactive session-നും വിശുദ്ധ കുർബാനയ്ക്കും ശേഷം ഉച്ചഭക്ഷണത്തോടെ കൺവെൻഷൻ സമംഗളം പര്യവസാനിച്ചു.

2. ഇടവകകളിലെ കാറ്റികോർപ്പ് അഡ്മിൻസിന്റെ അതിരൂപതാതല സൂം മീറ്റിങ്ങ് ജൂലൈ 20-ന് നടന്നു.

3. **എൻലൈറ്റ് പരിപാടികൾ:**

   ജൂലൈ 05 ഞായർ: എൻലൈറ്റ് - പള്ളിപ്പുറം ഫൊറോന

   ജൂലൈ 12 ഞായർ: എൻലൈറ്റ് - കൊരട്ടി ഫൊറോന

   എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

4. **എലൈവ് പരിപാടികൾ:**

   ജൂലൈ 19 ഞായർ - അങ്കമാലി, കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, മൂക്കന്നൂർ ഫൊറോനകളുടെ എലൈവ് പ്രോഗ്രാം പൊങ്ങം നൈപുണ്യ കോളേജിൽ വച്ച് നടന്നു. റവ. ഡോ. ബിനോജ് മുളവരിക്കൽ നയിച്ച ഈ പ്രോഗ്രാമിൽ 69 ഇടവകകളിൽ നിന്നായി 1425 കുട്ടികളും 85 അദ്ധ്യാപകരും പങ്കെടുത്തു. എറണാകുളം-അങ്കമാലി അതിരൂപതയുടെ മേജർ ആർച്ചുബിഷപ്പിന്റെ വികാരി മാർ ജോസഫ് പാംപ്ലാനി അനുഗ്രഹ പ്രഭാഷണം നടത്തി.

   ജൂലൈ 26 ഞായർ - ഇടപ്പള്ളി, കിഴക്കമ്പലം, എറണാകുളം, പറവൂർ, തൃപ്പൂണിത്തുറ ഫൊറോനകളുടെ എലൈവ് പ്രോഗ്രാം കാക്കനാട് രാജഗിരി എഞ്ചിനീയറിങ്ങ് കോളേജിൽ വച്ച് നടന്നു. റവ. ഡോ. ബിനോജ് മുളവരിക്കൽ നയിച്ച ഈ പ്രോഗ്രാമിൽ 116 ഇടവകകളിൽ നിന്നായി 1530 കുട്ടികളും 120 അദ്ധ്യാപകരും പങ്കെടുത്തു. എറണാകുളം-അങ്കമാലി അതിരൂപതാ പ്രോ പ്രോട്ടോസിഞ്ചല്ലൂസ് വെരി. റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി.

   എലൈവ് പ്രോഗ്രാമുകൾ വിജയകരമായി നടത്തുവാൻ നേതൃത്വം കൊടുത്ത ഫൊറോനാ കൗൺസിലുകൾക്കും പ്രോഗ്രാമിന് വേദികൾ നൽകിയ സ്ഥാപന ഡയറക്ടർമാർക്കും നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

## വിവാഹ ഒരുക്ക ധ്യാനം (MPR)

ആഗസ്റ്റ് 03-5 (കലൂർ)
ആഗസ്റ്റ് 10-12 (കലൂർ)
ആഗസ്റ്റ് 14-16 (കാലടി)
ആഗസ്റ്റ് 18-20 (കാലടി)
ആഗസ്റ്റ് 22-24 (കാലടി)
സെപ്റ്റംബർ 01-03 (കാലടി)
സെപ്റ്റംബർ 07-09 (കലൂർ)
സെപ്റ്റംബർ 15-17 (കാലടി)
സെപ്റ്റംബർ 29-01 (കാലടി)

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

## യുവജന സെമിനാർ

ആഗസ്റ്റ് 02 - തിരുനെല്ലൂർ
ആഗസ്റ്റ് 02 - കൈപ്പട്ടൂർ

## പേരന്റിംഗ് സെമിനാർ

ആഗസ്റ്റ് 02 - മൂഴിക്കുളം

## ദമ്പതി സെമിനാർ

ആഗസ്റ്റ് 09 - പള്ളുരുത്തി

## ദമ്പതി ധ്യാനം (Contact Number - 8078334522)

ആഗസ്റ്റ് 07-09 (20 ദമ്പതികൾക്ക് മാത്രം)

## സ്നേഹജ്വാല (ദാമ്പത്യ പരിപോഷണ പരിശീലനം)

ആഗസ്റ്റ് 14-16 കരുമാലൂർ

## കുടുംബ പോഷണ ധ്യാനം

ആഗസ്റ്റ് 21-23 പാണാവള്ളി

## ദമ്പതി ധ്യാനം (എം.സി.സി ദമ്പതികൾക്ക്)

ആഗസ്റ്റ് 27-28

## വിധവാ ധ്യാനം (Contact Number: 9400929111)

ആഗസ്റ്റ് 28-30

## വിവാഹോത്സവ് 2026

വിവാഹത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അതിരൂപത അനുമോദിക്കുന്ന ഫൊറോനതല വിവാഹോത്സവ് ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടക്കുന്നു. 1976, 2001 വർഷങ്ങളിൽ വിവാഹിതരായ ദമ്പതികളെ ഇടവകകളിൽ നിന്ന് പങ്കെടുപ്പിക്കുവാൻ ശ്രമിക്കുമല്ലോ.

**ഫൊറോനതല വിവാഹോത്സവ് തിയതികൾ:**

ആഗസ്റ്റ് 29 - കൊരട്ടി, മഞ്ഞപ്ര, മൂക്കന്നൂർ
സെപ്റ്റംബർ 05 - കറുകുറ്റി, അങ്കമാലി, മൂഴിക്കുളം
സെപ്റ്റംബർ 12 - പള്ളിപ്പുറം, ചേർത്തല, വൈക്കം
സെപ്റ്റംബർ 19 - കാഞ്ഞൂർ, വല്ലം, കിഴക്കമ്പലം
ഒക്ടോബർ 03 - ഇടപ്പള്ളി, പറവൂർ
ഒക്ടോബർ 10 - എറണാകുളം, തൃപ്പൂണിത്തുറ

പങ്കെടുക്കേണ്ട ദമ്പതികളുടെ പേര്, ഫോട്ടോ എന്നിവ അതാത് ഫൊറോനയിലെ ആനിമേറ്റർ സിസ്റ്ററിന്റെ കൈവശം മുൻകൂട്ടി ഏൽപ്പിക്കുമല്ലോ!

## ജൂലൈ മാസം നടത്തിയ ശുശ്രൂഷകൾ

**കൗൺസിലിംഗ്:** കലൂർ റിന്യൂവൽ സെന്റർ, കാലടി ജീവാലയ, വൈക്കം വെൽഫയർ സെന്റർ എന്നിവിടങ്ങളിലായി കൗൺസിലിംഗ് നടന്നു.

**ദമ്പതി ധ്യാനം:** ജീവാലയയിൽ നടന്ന ദമ്പതി ധ്യാനത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ദമ്പതികൾ പങ്കെടുത്തു.

**വിവാഹ ഒരുക്ക ധ്യാനം:** കലൂർ റിന്യൂവൽ സെന്റർ, കാലടി ജീവാലയ, രണ്ട് സെന്ററുകളിൽ വിവാഹ ഒരുക്ക ധ്യാനങ്ങൾ നടന്നു. വിവാഹ ഒരുക്ക ധ്യാനത്തിൽ പങ്കെടുത്തവരുടെ മാതാപിതാക്കൾക്കായി ഏകദിന സെമിനാർ നടത്തി.

**പാരന്റിംഗ് സെമിനാർ:** മാതാപിതാക്കൾക്കായി തോട്ടുവ ഇടവകയിലും, വൈക്കം ഫൊറോന പള്ളിയിലും പാരന്റിംഗ് സെമിനാർ നടത്തു.

**ദമ്പതി സെമിനാർ:** ജോസ്പുരം ഇടവകയിൽ ദമ്പതി സെമിനാർ നടത്തി.

**വിദ്യാർത്ഥി സെമിനാർ:** സ്കൂൾ വിദ്യാർത്ഥികൾക്കായി പറവൂർ കോട്ടക്കാവ് സ്കൂളിൽ ക്ലാസ് നടന്നു.

**Love Forever:** പെരുമാനൂർ ഇടവകയിൽ ദമ്പതികൾക്കുവേണ്ടി സായാഹ്ന പ്രണയസന്ധ്യ നടത്തി.

**ട്രെയിനിംങ്ങ് പ്രോഗ്രാം:** SD സിസ്റ്റേഴ്സിനുവേണ്ടി നടത്തിയ ഓൺലൈൻ പ്രോഗ്രാമിൽ എറണാകുളം പ്രോവിൻസിലെ സിസ്റ്റേഴ്സ് പങ്കെടുത്തു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

## കലാസാഹിത്യ മത്സരങ്ങൾ 2026

**സാഹിത്യമത്സരങ്ങൾ 2026 ഓഗസ്റ്റ് 30 ഉച്ചകഴിഞ്ഞ് 2.30-ന്_അങ്കമാലി സുബോധന പാസ്റ്ററൽ സെന്ററിൽ** നടക്കും. കലാമത്സരങ്ങൾ 2026 ഒക്ടോബർ 20-നായിരിക്കും (സ്ഥലം, സമയം പിന്നീട് അറിയിക്കുന്നതാണ്).

**മത്സര ഇനങ്ങൾ:**

സാഹിത്യമത്സരങ്ങൾ:

1. ഉപന്യാസം (10 പേജ് വരെ) സമയം: 1 മണിക്കൂർ 30 മിനിറ്റ്
2. കഥാരചന (6 പേജ് വരെ സമയം : 1 മണിക്കൂർ 30 മിനിറ്റ്
3. കവിതാരചന (48 വരി സമയം : 1 മണിക്കൂർ 30 മിനിറ്റ്
4. ചിത്രരചന (ജലച്ഛായം) സമയം : 1 മണിക്കൂർ 30 മിനിറ്റ്
5. ചിത്രരചന (പെൻസിൽ സമയം : 1 മണിക്കൂർ 30 മിനിറ്റ്

കലാമത്സരങ്ങൾ:

6. പ്രസംഗം. സമയം : 5 മിനിറ്റ്
7. സംഗീതം ഒരു പാട്ടിനുള്ള സമയം.
8. മിഷൻ ആന്തം (7 പേർ)
9. ബൈബിൾ വായന സമയം : 3 മിനിറ്റ്
10. കഥാപ്രസംഗം സമയം: 10 മിനിറ്റ്
11. നാടോടി നൃത്തം സമയം: 7 മിനിറ്റ്.
12. മാർഗംകളി (7 പേർ) സമയം: 10 മിനിറ്റ്
13. സമൂഹഗാനം (7 പേർ) സമയം 7 മിനിറ്റ്
14. പരിചമുട്ടുകളി (8 പേർ) സമയം: 10 മിനിറ്റ്
15. ബൈബിൾ ദൃശ്യാവതരണം (5 പേർ) സമയം : 3 മിനിറ്റ്

**പ്രായ പരിധി:**

| | | |
|---|---|---|
| സബ് ജൂനിയർ | : | 2014 ജനുവരി 1 നോ ശേഷമോ ജനിച്ചവർ |
| ജൂനിയർ | : | 2011 ജനുവരി 1 - 2013 ഡിസംബർ 31 |
| സീനിയർ | : | 2007 ജനുവരി 1 - 2010 ഡിസംബർ 31 |
| സൂപ്പർ സീനിയർ | : | 1986 ജനുവരി 1 - 2006 ഡിസംബർ 31 |
| എൽഡേഴ്സ് | : | 1986 ജനുവരി 1-ന് മുമ്പ് ജനിച്ചവർ |

**പ്രസംഗം (സബ് ജൂനിയർ)**

1. ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ ക്രൈസ്തവ സാക്ഷ്യത്തിന്റെ തേരാളികൾ.

**പ്രസംഗം (ജൂനിയർ)**

1. വി കൊച്ചുത്രേസ്യ ക്രിസ്തു സാക്ഷ്യത്തിന്റെ മകുടം...
2. എന്റെ സഭ, എന്റെ അഭിമാനം.

**പ്രസംഗം**

സീനിയർ - വി. യോഹന്നാൻ 2
സൂപ്പർ സീനിയർ - വി. യോഹന്നാൻ 4
എൽഡേഴ്സ് - വി. യോഹന്നാൻ 5

**ഉപന്യാസം, ചെറുകഥ, കവിത**

ജൂനിയർ - വി. യോഹന്നാൻ 6
സീനിയർ - വി. യോഹന്നാൻ 8
സൂപ്പർ സീനിയർ - വി. യോഹന്നാൻ 9
എൽഡേഴ്സ് - വി. യോഹന്നാൻ 10

**മിഷൻ ക്വിസ്** (ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ, എൽഡേഴ്സ്

1. വിശുദ്ധ പൗലോസ് ഗലാത്തിയാകാർക്ക് എഴുതിയ ലേഖനം 01-06 (40%)
2. പ്രേഷിത വഴിയിലെ വിജയഗാഥ അധ്യായങ്ങൾ 6 -11 (30%)
3. എന്റെ മിഷൻ ലീഗ് (20%)
4. സഭ (10%)

**മത്സര ഇനങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ:**

**സബ് ജൂനിയർ** (ആൺകുട്ടികൾ - പ്രസംഗം, സംഗീതം, ബൈബിൾ വായന), (പെൺകുട്ടികൾ - പ്രസംഗം, സംഗീതം, ബൈബിൾ വായന, നാടോടി നൃത്തം), (ആൺ-പെൺ വ്യത്യാസമില്ലാതെ - കഥാപ്രസംഗം, ചിത്രരചന (ജലച്ഛായം).

**ജൂനിയർ** (ആൺകുട്ടികൾ - പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം, ചെറുകഥ, കവിത), പെൺകുട്ടികൾ - പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം, ചെറുകഥ, കവിത, നാടോടി നൃത്തം), ആൺ-പെൺ വ്യത്യാസമില്ലാതെ - കഥാപ്രസംഗം, ചിത്രരചന (പെൻസിൽ)

**സീനിയർ** (ആൺകുട്ടികൾ - പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം, ചെറു കഥ, കവിത), (പെൺകുട്ടികൾ - പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം, ചെറു കഥ, കവിത), (ആൺ പെൺ വ്യത്യാസമില്ലാതെ - കഥാപ്രസംഗം, ചിത്രരചന (പെൻസിൽ)

**സൂപ്പർ സീനിയർ** (മെൻ - പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന), (വിമെൻ - പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന)

**എൽഡർ** (മെൻ - പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന), (വിമെൻ - പ്രസംഗം, സംഗീതം, മിഷൻ ക്വിസ്, ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന)

**പ്രായപരിധിയില്ലാതെ** (ആൺകുട്ടികൾ - പരിചമുട്ടുകളി), പെൺകുട്ടികൾ - മാർഗ്ഗംകളി), (ആൺ-പെൺ വ്യത്യാസമില്ലാതെ - മിഷൻ ആന്തം, സമൂഹഗാനം, ബൈബിൾ ദൃശ്യാവതരണം)

**മത്സരം - പൊതുനിബന്ധനകൾ:**

- ചിത്രരചന (ജലച്ഛായം) : A3 സൈസ് പേപ്പറാണ് നൽകുക. നൽകുന്ന രേഖചിത്രം നോക്കി വരച്ച് നിറം നൽകണം.
- ചിത്രരചന (പെൻസിൽ) : A3 സൈസ് പേപ്പറാണ് നൽകുക. വിഷയം തത്സമയം നൽകുന്നതാണ്.
- ഉപന്യാസം, കഥ, കവിത : ഉപന്യാസം, കഥ, കവിത എന്നി മത്സരങ്ങളിൽ യഥാക്രമം 10 പേജ്, 6 പേജ് 48 വരി എന്നിങ്ങനെ പരമാവധി പരിധി നിശ്ചയിച്ചിരിക്കുന്നു.
- സംഗീതം : സംഗീതമത്സരത്തിൽ ക്ലാസിക്കൽ ഗാനങ്ങൾ ആലപിക്കാൻ പാടില്ല ക്രിസ്തീയ ഭക്തിഗാനങ്ങളെ ആലപിക്കാവൂ. സെമിക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമാണ്. സ്വരങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഹമ്മിങ് ആകാം.
- ബൈബിൾ വായന: ബൈബിൾ വായനയ്ക്ക് അതിരൂപതാ സമിതി നൽകുന്ന പി. ഓ. സി. പുതിയ നിയമം ആയിരിക്കും ഉപയോഗിക്കുക. 21.5 cm x 14 cm അളവിലുള്ള POC സമ്പൂർണ്ണ ബൈബിൾ (അവസാനം നടന്ന പരിഷ്കരണത്തിന് മുമ്പുള്ളത് ആയിരിക്കും ഉപയോഗിക്കുക) വിശുദ്ധ ഗ്രന്ഥം കൈകാര്യം ചെയ്യുന്നവിധം, വായന, ഒഴുക്ക്, ഭാവം എന്നിവ പ്രത്യേകം പരിഗണിക്കുന്നതാണ്.
- കഥാപ്രസംഗം : കഥാവസ്തു വി. ഗ്രന്ഥത്തിൽ നിന്നും എടുത്തതായിരിക്കണം. ഉപകരണങ്ങൾ പാടില്ല. വ്യക്തിഗത മത്സരമായതിനാൽ പാടുന്നതും പറയുന്നതും ഒരാൾ തന്നെ ആയിരിക്കണം. ഒരു ഗ്രൂപ്പിൽ രൂപതയിൽ നിന്നും ആൺ/ പെൺ വ്യത്യാസമില്ലാതെ ഒരാൾക്കുമാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

- പരിചമുട്ടുകളി : പരിചമുട്ടുകളിക്ക് പരാമാവധി 8 അംഗങ്ങൾക്ക് പങ്കെടുക്കാം. തനിമ, പാരമ്പര്യം, പാട്ട്, വേഷം, ചുവട്, അടവുകൾ, മുദ്രകൾ ഇവ പ്രത്യേകം പരിഗണനാർഹമാണ്.
- മാർഗ്ഗംകളി : മാർഗ്ഗംകളിക്ക് 7 അംഗങ്ങൾക്ക് പങ്കെടുക്കാം. സമയം 10 മിനിറ്റ്. നൃത്താവതാരത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീതോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. നിലവിളക്ക് സ്റ്റേജിൽ നൽകുന്നതാണ്.
- സമൂഹഗാനം : ഏഴ് അംഗങ്ങളിൽ കൂടാൻ പാടില്ല. ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല.7 മിനിറ്റിൽ കൂടാൻ പാടില്ല. ക്രിസ്ത്യൻ ഭക്തിഗാനമായിരിക്കണം.
- നാടോടിനൃത്തം : രംഗ സജ്ജീകരണത്തിന് 10% ൽ കവിയാത്ത മാർക്കേ ലഭിക്കുകയുള്ളൂ. നാടോടിത്തനിമ എല്ലാ രീതിയിലും നിലനിർത്തേണ്ടതാണ്.
- മിഷൻ ആന്തം : മിഷൻ ആന്തത്തിന് പരമാവധി 7 പേർ. ഉപകരണങ്ങൾ പാടില്ല. ആവർത്തനമില്ലാതെ പാടണം. എന്നാൽ, ആദ്യനാലുവരി അവസാനം പാടി മുന്നേറുവിൻ, മുന്നേറുവിൻ, മുന്നേറുവിൻ എന്ന് പാടി അവസാനിപ്പിക്കാവുന്നതാണ്.
- ബൈബിൾ ദൃശ്യാവതരണം : 5 പേരിൽ കൂടാൻ പാടില്ല. 3 മിനിറ്റ് മാത്രമാണ് അവതരണതിനുള്ളത്. സംഭാഷണങ്ങളും കമന്ററികളും ആകാം. മുൻകൂട്ടി റെക്കോർഡ് ചെയ്ത് ഉപയോഗിക്കുന്നതിന് തടസമില്ല. കമന്ററി/സംഭാഷണം ആരംഭിക്കുമ്പോൾ മുതൽ അവതരണത്തിന്റെ സമയം കണക്കാക്കുന്നതാണ്. രംഗസജ്ജീകരണങ്ങൾക്കും അഴിച്ചുമാറ്റുന്നതിനുമായി പരമാവധി 7 മിനിറ്റ് അനുവദിക്കുന്നതാണ്. രംഗസജ്ജീകരണത്തിന് 10% ത്തിൽ കവിയാത്ത മാർക്കേ ലഭിക്കൂ. ദൃശ്യങ്ങൾ വി. ഗ്രന്ഥത്തിൽ നിന്നും എടുത്തവയായിരിക്കണം. സാങ്കല്പിക കഥകൾ പാടില്ല. കർട്ടൻ ഉൾപ്പെടെയുള്ള സാങ്കേതിക സഹായങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണ്. വൈദ്യുതി സംബന്ധമായ തകരാറുകൾ ഉണ്ടായാൽ ടീമിന് ആവശ്യമെങ്കിൽ നൽകുന്നതാണ്. 3 മൈക്കും 1 സ്വിച്ച് ബോർഡും അതിരൂപതാ സമിതി ബൈബിൾ ദൃശ്യാവതരണത്തിനായി സ്റ്റേജിൽ നൽകുന്നതാണ്. എക്സ്ട്രാ ഉപകരണങ്ങൾ ടീം സ്വന്തം ഉത്തരവാദിത്വത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്. എൽ.സി.ഡി. ഉപയോഗിക്കാൻ പാടില്ല. ചാൻസ് നമ്പർ ക്രമത്തിൽ മത്സരിക്കേണ്ടതാണ്. ബൈബിൾ ദൃശ്യാവതരണത്തിനായി ചാൻസ് നമ്പർ അനൗൺസ് ചെയ്തു കഴിഞ്ഞ് ഫൈനൽ കോളിനുശേഷം ബൈബിൾ ദൃശ്യാവതരണം സ്റ്റേജിൽ അവതരിപ്പിക്കുന്നതിൽ ടീമിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചകൾക്ക്

അതിരൂപതാ സമിതിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുകയില്ല. പ്രസ്തുത ടീമിനെ ക്യാൻസൽ ചെയ്യുന്നതാണ്. ഒരു ടീമിന്റെ അവതരണത്തിന് ശേഷം കർട്ടൻ ഉയർത്തി സ്റ്റേജ് ക്ലീൻ റിപ്പോർട്ട് നൽകേണ്ടതാണ്.

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1. ഒരു അംഗത്തിന് വ്യക്തിഗത ഇനങ്ങളിൽ രണ്ടും രചനാമത്സരങ്ങളിൽ രണ്ടും ഇനങ്ങളിൽ മത്സരിക്കാം. ഗ്രൂപ്പിനങ്ങളിൽ ഇത് ബാധകമല്ല.
2. ഒരു വ്യക്തിക്ക് സ്വന്തം പ്രായപരിധിയിലുള്ള ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ പാടുള്ളൂ. ഗ്രൂപ്പിനങ്ങളിൽ ഇത് ബാധകമല്ല.
3. മിഷൻലീഗ് അംഗത്വം, ജനനതിയതി എന്നിവ തെളിയിക്കുന്ന അംഗത്വ കാർഡ്, ബാഡ്ജ് എന്നിവ മത്സരത്തിൽ പങ്കെടുക്കുന്നവർ കൈവശം സൂക്ഷിക്കേണ്ടതാണ്.
4. ആൺ-പെൺ വേർതിരിവില്ലാത്ത വ്യക്തിഗത ഇനങ്ങളിൽ രണ്ടു പേരും ആൺ, പെൺ വേർതിരിവുള്ള വ്യക്തിഗത ഇനങ്ങളിൽ രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും മത്സരങ്ങളിൽ പങ്കെടുക്കാം. ഗ്രൂപ്പിനങ്ങളിൽ ഒരു ടീം മാത്രമേ പങ്കെടുക്കാവൂ. കഥാപ്രസംഗം വ്യക്തിഗത ഇനമാണെങ്കിലും ഒരു ഗ്രൂപ്പിൽ ഒരാൾക്കു മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ.
5. സാഹിത്യമത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാവരും മത്സര ദിവസം ഉച്ചയ്ക്ക് 2.30-നു ഹാളിൽ എത്തുക. എല്ലാ വിഷയങ്ങളും അവിടെ വച്ച് അറിയിക്കുന്നതാണ്. രണ്ടു മത്സരങ്ങളിൽ പങ്കെടുക്കുന്നുവർ ഒരു ഇനത്തിൽ പങ്കെടുത്തശേഷം അടുത്ത ഇനത്തിൽ പങ്കെടുക്കേണ്ടതാണ്.
6. പ്രസംഗം,ബൈബിൾ വായന എന്നീ മത്സരങ്ങളിൽ പങ്കെടുക്കുന്നവർ മത്സരം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിഷയം നൽകുന്ന റൂമിൽ എത്തിച്ചേരേണ്ടതാണ്. മത്സരം ആരംഭിച്ചതിനുശേഷം വിഷയം നൽകുന്ന റൂമിൽ ആരെയും പ്രവേശിപ്പിക്കുന്നതല്ല. എന്നാൽ, മറ്റ് ഏതെങ്കിലും മത്സരത്തിൽ ഇതേ സമയത്ത് പങ്കെടുക്കുന്നുണ്ടെങ്കിൽ അക്കാര്യം മത്സരം നടക്കുന്ന സ്റ്റേജിലും വിഷയം നൽകുന്ന റൂമിലും അറിയിക്കുകയും സംഘാടക സമിതിയുമായി ആലോചിച്ച് ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്.
7. ക്വിസ് മത്സരത്തിൽ കൃത്യമായ ഉത്തരത്തിന് മാത്രമേ മാർക്ക് ഉണ്ടായിരിക്കുക.
8. എ ഗ്രേഡ് 5 ഉം, ബി ഗ്രേഡ് - 3 ഉം, സി - ഗ്രേഡ് 1 ഉം ഇതിനുപുറമേ വ്യക്തിഗത ഇനങ്ങളിൽ സ്ഥാനങ്ങൾക്ക് 5, 3, 1 വീതവും ഗ്രൂപ്പിനങ്ങളിൽ 10, 5, 3 വീതവും പോയിന്റ് ലഭിക്കും. ഉദാ: ഒന്നാം സ്ഥാനവും എ ഗ്രേഡും ലഭിച്ചാൽ 5+5=10, ഗ്രൂപ്പിനങ്ങളിൽ 10+5=15 പോയിന്റും ലഭിക്കും.

9. ഒരു ഇനത്തിൽ പങ്കെടുക്കാനുള്ളവരുടെ (രജിസ്റ്റർ ചെയ്ത) എണ്ണം മുന്നിൽ കുറവായാൽ ഈ ഇനത്തിൽ സ്ഥാനനിർണയം നടത്തുന്നതല്ല. എന്നാൽ, ഗ്രേഡ് ചെയ്ത് ഗ്രേഡിന് പോയിന്റ് നല്കും.
10. ഓരോ മത്സരത്തിനും അനുവദിച്ചിരിക്കുന്നതിൽ കൂടുതൽ സമയം ഉപയോഗിച്ചാൽ സ്ഥാന നിർണയത്തിന് പരിഗണിക്കുന്നതല്ല. ലഭിക്കുന്ന ഗ്രേഡ് അനുസരിച്ച് പോയിന്റ് നൽകുന്നതാണ്.
11. എല്ലാ മത്സരങ്ങളും ക്രൈസ്തവസന്ദേശം നല്കുന്നവയായി രിക്കണം. മത്സരസം ബന്ധമായ എല്ലാ കാര്യങ്ങൾക്കും പി.ഒ.സി. ബൈബിൾ ആണ് ഉപയോഗിക്കുക.
12. വിധികർത്താക്കളുടെ തീരുമാനം അന്തിമമാണ്. എന്നാൽ മത്സരനടത്തിപ്പ് സംബന്ധിച്ചുള്ള പരാതികൾ ടീം മാനേജർ രേഖാമൂലം 100 രൂപ ഫീസ് സഹിതം പ്രസ്തുത മത്സരം കഴിഞ്ഞ് 30 മിനിറ്റിനകം ഡയറക്ടർക്ക് നല്കുക. ഡയറക്ടർ, ജൂറി ഓഫ് അപ്പീലുമായി ആലോചിച്ച് ന്യായമായ തീരുമാനമെടുത്ത് അറിയിക്കുന്നതാണ്. പരാതി ന്യായമായാൽ ഫീസ് തിരികെ ലഭിക്കും. മത്സരനടത്തിപ്പിനെക്കുറിച്ച് മാത്രമായിരിക്കണം പരാതി നൽകേണ്ടത്.
13. മത്സരം നടത്തിപ്പ് സംബന്ധിച്ചുള്ള പരാതികൾ സമർപ്പിക്കേണ്ടതും പരാതിയിന്മേൽ ചർച്ചയ്ക്കായി ഹാജരാകേണ്ടതും ടീം മാനേജർ മാത്രമാണ്.

## വാർത്തകൾ

എറണാകുളം-അങ്കമാലി അതിരൂപത ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്ത വർഷ ഉദ്ഘാടനം അതിരൂപത വികാരി ജനറൽ റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് മേക്കാട് പള്ളിയിൽ ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ സന്ദേശ പ്രേഷിത റാലി ആലുവ എം.എൽ.എ. അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു. ചെങ്ങമനാട് എസ്.എച്ച്.ഒ. ലഹരി വിരുദ്ധ സന്ദേശം നൽകി. മേയ്ക്കാട് കത്തോലിക്ക പള്ളി പാരിഷ് ഹാളിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് പോൾ ജോവർ ആധ്യക്ഷ്യം വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊട്ടോളി ഏവരേയും സ്വാഗതം ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗ് അന്തർദേശീയ പ്രസിഡന്റ് ഡേവീസ് വല്ലൂരാൻ, മേയ്ക്കാട് പള്ളി വികാരി ഫാ. ജോൺസൺ കൂവേലി, പ്രോഗ്രാം കൺവീനർ റോബിൻ സാജു, മേക്കാട് കേന്ദ്രസമിതി വൈസ് ചെയർമാൻ ബൈജു കോട്ടക്കൽ തുടങ്ങിയവർ ആശംസകൾ നേർന്നു. ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളായ ജനപ്രതിനിധികളെ ആദരിക്കുകയും സെന്റ് തോമസ് ക്വിസ് മത്സരവിജയികളായ - ഒന്നാം സ്ഥാനം: സോഫി ജോസഫ് (എടക്കുന്ന്), രണ്ടാം സ്ഥാനം: ഷീല ബേബി (തോട്ടുവ), മൂന്നാം സ്ഥാനം: റോസിലി ജോസ് (ആയത്തുപടി), പ്രോത്സാഹന സമ്മാനങ്ങൾ - ലിഞ്ചു ജസ്റ്റിൻ (കവരപറമ്പ്), ലാലി ജോർജ് (കവരപറമ്പ്) എന്നിവർക്ക് സമ്മാനങ്ങൾ നൽകുകയും

ചെയ്തു. അതിരൂപതാ വികാരി ജനറൽ ഡോക്ടർ ജിമ്മി പൂച്ചക്കാട്ട് 'പ്രവർത്തന മാർഗരേഖ 2026-2027' പ്രകാശനം ചെയ്തു. ഓർഗനൈസർ പോളി യു.കെ. മാർഗ്ഗരേഖ അവതരിപ്പിച്ചു. വിവിധ കലാപരിപാടികൾ നടത്തുകയും സെക്രട്ടറി ടോജോ ഏവർക്കും നന്ദി പറയുകയും തുടർന്ന് ചെറുപുഷ്പ മിഷൻ ആന്തം പാടി പ്രോഗ്രാം സമാപിച്ചു.

ചെറുപുഷ്പ മിഷൻ ലീഗ് പ്രഥമ ദേശീയ ഡയറക്ടറായിരുന്ന എറണാകുളം- അങ്കമാലി അതിരൂപതാംഗം ബ. തോമസ് നെറ്റിക്കാടൻ അച്ചന്റെ 41-ാം ചരമവാർഷികം ഓഗസ്റ്റ് 21 വെള്ളിയാഴ്ച ശാന്തിപുരം ഇടവകയിൽ നടത്തപ്പെടുന്നു. രാവിലെ 6.30-ന് വിശുദ്ധ കുർബാനയും തുടർന്ന് ഒപ്പീസും ഉണ്ടായിരിക്കും.

**ഫാ. സെബാസ്റ്റ്യൻ പൊട്ടോളി**
**ഡയറക്ടർ**

# ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്

## KINDLE Programme

നമ്മുടെ വിദ്യാലയങ്ങളിൽ വലിയ പ്രതീക്ഷകളോടെ വിദ്യ തേടി എത്തുന്ന കുട്ടികൾക്ക് ശരിയായ മാർഗ്ഗനിർദേശങ്ങളും ലക്ഷ്യ ബോധവും പകർന്നു നൽകുന്ന, അവരുടെ ബൗദ്ധിക വളർച്ചയോടൊപ്പം ശരിയായ വ്യക്തിത്വരൂപവൽക്കരണത്തിന് അവരെ സഹായിക്കുന്ന, വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം നേടാൻ അദ്ധ്യാപകരെയും മാതാപിതാക്കളെയും പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ അതിരൂപത ഇവാഞ്ചലൈസേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഓറിയന്റേഷൻ ക്ലാസും തുടർന്ന് ആരാധനയും - KINDLE- Setting the Spark for a New Academic Year - സ്കൂളുകളിൽ സംഘടിപ്പിച്ചു വരുന്നു. അതനുസരിച്ച്

ജൂൺ 21-ന് സെന്റ് മാർട്ടിൻ ഡി പോറസ് ചർച്ച്, പാലാരിവട്ടം
ജൂൺ 25-ന് ഡി പോൾ പ്രൊവിൻഷ്യൽ ഹൗസ്, പോട്ട
ജൂൺ 28-ന് സെന്റ് തോമസ് ചർച്ച് മംഗലശ്ശേരി, സെന്റ് അഗസ്റ്റിൻസ് ചർച്ച് നെടുങ്ങാട്
ജൂലൈ 18-ന് സെന്റ് ലൂയിസ് സ്കൂൾ, തുരുത്തിപ്പുറം
ജൂലൈ 19-ന് സെന്റ് ജോസഫ്സ് ചർച്ച് കോനൂർ, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, പുതിയകാവ് എന്നിവിടങ്ങളിൽ KINDLE പ്രോഗ്രാം വിജയകരമായി നടത്തുവാൻ സാധിച്ചു.

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ**


iCloud
ONE DAY
STUDENTS
MOTIVATION
PROGRAMME
School Level Orientation Program
For LP, UP, HS, HSS
A SPECIAL SESSION
FOR PARENTS IS ALSO OFFERED.
Conducted by
DEPARTMENT OF EVANGELIZATION
ARCHDIOCESE OF ERNAKULAM - ANGAMALY
In association with
MAJOR ARCHEPARCHY OF ERNAKULAM - ANGAMALY
SAHRUDAYA
WELFARE SERVICES ERNAKULAM
ST. MARY'S HIGHER SECONDARY SCHOOL
INSPIRE MINDS.
Build Character.
STRENGTHEN VALUES.
Grow with Purpose.
EMPOWER TOMORROW.
Lead with Faith.

എറണാകുളം
# ചിറ്റൂർ ധ്യാനകേന്ദ്രം
സ്നേഹശുശ്രൂഷാലയം

*'നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.' (യോഹ 15:4)*

## 2026 ഓഗസ്റ്റ് മാസത്തെ ആത്മീയശുശ്രൂഷകൾ

### ആന്തരികസൗഖ്യധ്യാനം (Inner Healing Retreat)
ജൂലൈ 31 വെള്ളി 5.00 pm – ഓഗസ്റ്റ് 5 ബുധൻ 8.00 am
ഓഗസ്റ്റ് 7 വെള്ളി 5.00 pm – ഓഗസ്റ്റ് 12 ബുധൻ 8.00 am
ഓഗസ്റ്റ് 14 വെള്ളി 5.00 pm – ഓഗസ്റ്റ് 19 ബുധൻ 8.00 am
ഓഗസ്റ്റ് 21 വെള്ളി 5.00 pm – ഓഗസ്റ്റ് 26 ബുധൻ 8.00 am

### ആത്മാഭിഷേക ധ്യാനം (Holy Spirit Anointing Retreat)
ഓഗസ്റ്റ് 28 വെള്ളി 5.00 pm – ഓഗസ്റ്റ് 31 തിങ്കൾ 8.00 am

### എബൈഡ് – യുവജനധ്യാനം
### (ABIDE 103 - Onam Holidays Special Youth Retreat)
ഓഗസ്റ്റ് 25 ചൊവ്വ 9.00 am - ഓഗസ്റ്റ് 29 ശനി 8.00 am

### മധ്യസ്ഥപ്രാർത്ഥന ധ്യാനം (ഏകദിനം)
ഓഗസ്റ്റ് 12 ബുധൻ 9.00 am – 3.00 pm

### ഏകദിന യുവജന കൺവെൻഷൻ
### (One Day Youth Convention - Abide Power Conference)
ഓഗസ്റ്റ് 8 ശനി 9.00 am – 3.00 pm

### മാസാദ്യവെള്ളി കൺവെൻഷൻ (First Friday Convention)
ഓഗസ്റ്റ് 7 വെള്ളി 9.00 am – 3.00 pm

### ഏകദിനധ്യാനം (One Day Retreat)
മാസാദ്യവെള്ളി ഒഴികെ മറ്റെല്ലാ വെള്ളിയാഴ്ചകളിലും 9.00 am - 3.00 pm

### Abide Night Vigil (എബൈഡ് യുവജനങ്ങൾക്കായി)
എല്ലാ ശനിയാഴ്ചകളിലും 6.30 pm - 9.30 pm

### ജാഗരണപ്രാർത്ഥന (Night Vigil)
എല്ലാ വെള്ളിയാഴ്ചയും 9.30 pm - ശനി 1.00 am

☞ കുമ്പസാരം, കൗൺസിലിങ്ങ് – എല്ലാ ദിവസവും സൗകര്യമുണ്ടായിരിക്കും.
☞ മധ്യസ്ഥ പ്രാർത്ഥന 24 മണിക്കൂറും ഉണ്ടായിരിക്കും.

ധ്യാനം ബുക്ക് ചെയ്യാൻ: **Ph: 9446040508, 8606740508, 8606729508, 0484-2432508**
Website: www.chittoorretreatcentre.org

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്റ്റലേറ്റ്

**എറണാകുളം-അങ്കമാലി മേജർ അതിരൂപത**

## ബൈബിൾ കലോത്സവം 2026

**2026 നവംബർ 14, 15 (ശനി, ഞായർ) തീയതികളിൽ**
സ്ഥലം: **കാർഡിനൽ പാറേക്കാട്ടിൽ മെമ്മോറിയൽ റിന്യൂവൽ സെന്റർ, കലൂർ, കൊച്ചി.**

ബൈബിൾ കലോത്സവത്തെ കുറിച്ചുള്ള **പൊതുനിബന്ധനകൾ** ജൂലൈ മാസത്തിലെ എറണാകുളം മിസ്സത്തിൽ (പേജ് നമ്പർ 33-39) ലഭ്യമാണ്. അവയ്ക്കു പുറമെ, കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായുള്ള കൂടുതൽ നിർദേശങ്ങളും നിബന്ധനകളും ചുവടെ ചേർക്കുന്നു.

**ബൈബിൾ കലോത്സവം നിർദേശങ്ങളും നിബന്ധനകളും:**

1. നേതൃത്വം, ഏകോപനം, കമ്മിറ്റികൾ രൂപീകരണം: കലോത്സവത്തിന്റെ മേൽനോട്ടത്തിനായി ഫൊറോനാ ഡയറക്ടർ, ഒരു സിസ്റ്റർ, ഒരു അത്മായ പ്രതിനിധി (ടീം കോർഡിനേറ്റേർസ്) എന്ന നിലയിൽ ഫൊറോനാ തലത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. കോർഡിനേറ്റർമാരുടെ പേരുകൾ ജൂലൈ 31-നകം അതിരൂപത ബൈബിൾ അപ്പോസ്തോലേറ്റ് ഓഫീസിൽ ഏൽപ്പിക്കുക

2. ഓൺലൈൻ മീറ്റിംഗ്: നിയമങ്ങളെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വ്യക്തത വരുത്തുന്നതിനുമായി ഫൊറോന ഡയറക്ടർമാർ, സെക്രട്ടറിമാർ, കോർഡിനേറ്റർമാർ എന്നിവർക്കായി പ്രത്യേകം ഒരു ഓൺലൈൻ മീറ്റിംഗ് നടത്തുന്നതാണ്.

3. കലോത്സവത്തിന്റെ ഔദ്യോഗിക നിയമാവലി *എറണാകുളം മിസ്സ*ത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇടവകകളിൽ നിന്നുള്ള വ്യക്തികത വിവരങ്ങൾ ഫൊറോന കലോത്സവത്തിനായി പൊതുവായ ഒരു ലെറ്റർഹെഡ് തയ്യാറാക്കി ഫൊറോനാതല മത്സരങ്ങൾക്കായി സമർപ്പിക്കാവുന്നതാണ്. എന്നാൽ അതിരൂപതയിലേക്ക് അയക്കുന്ന എല്ലാ രേഖകളും അതാത് ഫൊറോന ഡയറക്ടറുടെ ഔദ്യോഗിക കത്തിനോടൊപ്പം മാത്രമേ സ്വീകരിക്കുകയുള്ളൂ. രേഖകളുടെ ഹാർഡ് കോപ്പികൾ രൂപതയിൽ സമർപ്പിക്കേണ്ടതാണ്.

4. രജിസ്ട്രേഷൻ ഫോമുകൾ: രജിസ്ട്രേഷനായി ഗൂഗിൾ ഫോമും ഫിസിക്കൽ ഫോമും ഉപയോഗിക്കുന്നതാണ് (അതിരൂപതാ പ്രോഗ്രാമിന്റെ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകും).

5. അതിരൂപതാതല ഓഫീസിൽ നിന്ന് രജിസ്ട്രേഷൻ ഫോമും ഓരോ പ്രോഗ്രാമിനുമുള്ള നിയമാവലിയും നൽകുന്നതിയിരിക്കും.

6. മത്സര ഇനങ്ങൾ: ഗ്രൂപ്പ്, സിംഗിൾ ഇനങ്ങളിലായി ആകെ 21 മത്സരങ്ങൾ ഉണ്ടായിരിക്കും. ഇവ രചനാ മത്സരങ്ങൾ, അവതരണ മത്സരങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

7. പങ്കാളിത്തം: വ്യക്തികൾക്കു എത്ര പരിപാടികളിൽ വേണമെങ്കിലും പങ്കെടുക്കാം. എന്നാൽ സിംഗിൾ പ്രോഗ്രാമുകൾക്കു ഒരു ഇടവകയിൽ നിന്ന് പരമാവധി 2 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. (ഉദാ: ലളിതഗാനം, പ്രസംഗം etc.)

8. പെയിന്റിംഗ് മത്സരത്തിന് ഒരു ഇടവകയിൽ നിന്ന് 3 പേർക്ക് പങ്കെടുക്കാം.

9. വിവരങ്ങളുടെ പരിശോധന: മത്സരാർത്ഥികളുടെ ജനനത്തീയതിയും മറ്റ് വിവരങ്ങളും ഇടവക രജിസ്റ്റർ പ്രകാരമായിരിക്കണം. Participant ന്റെ ജനനതീയതി തെളിയിക്കുന്ന രേഖയോടൊപ്പം മത്സരാർത്ഥിയുടെ passport size ഫോട്ടോയും ഏൽപ്പിക്കണം.

10. കഥാപ്രസംഗം: പിന്നണി പാടുന്നവർ കത്തോലിക്കർ ആയിരിക്കണം; എന്നാൽ അവർക്ക് പ്രായപരിധി ഉണ്ടായിരിക്കില്ല. സമ്മാനം കഥാ പ്രസംഗം അവതരിപ്പിക്കുന്ന വ്യക്തിക്ക് മാത്രമായിരിക്കും; പിന്നണി ഗായകർക്ക് സമ്മാനം ഉണ്ടായിരിക്കില്ല.

11. കഥാപ്രസംഗം, നാടകം, തെരുവുനാടകം എന്നീ മത്സരങ്ങളിൽ പിന്നണിയിൽ പ്രവർത്തിക്കുന്നവർ കത്തോലിക്കാരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവും ഉണ്ടായിരിക്കണം.

12. നാടകം & തെരുവ്നാടകം: റെക്കോർഡ് ചെയ്ത നാടകം (pre- Recorded voice) അനുവദനീയമല്ല. സംസ്ഥാന കലോത്സവത്തിൽ ഈ ഇനങ്ങൾക്ക് ഗ്രേഡ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ (ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ഉണ്ടായിരിക്കില്ല).

13. അതിരൂപതാതല മത്സരങ്ങളിൽ വേഷവിധാനത്തിനും (Costume) ചമയങ്ങൾക്കും (Property) പ്രത്യേകം മാർക്ക് ഉണ്ടായിരിക്കുന്നതാണ്. മാർഗ്ഗംകളിക്ക് പരമ്പരാഗതമായ വേഷവിധാനം നിർബന്ധമാണ്. എന്നാൽ, ഫൊറോനാ തലത്തിൽ ഇവ ഫോറാന കോർ ടീമിന്റെ തീരുമാനത്തിന് വിധേയമായിരിക്കും.

14. സ്ക്രിപ്റ്റ് പരിശോധന: മത്സരങ്ങളുടെ സ്ക്രിപ്റ്റ് മുൻകൂട്ടി നൽകേണ്ട താണ്. അവതരണ സമയത്തും അതിനു മുൻപും ഇത് പരിശോധിക്കുന്ന തായിരിക്കും.

15. ബൈബിൾ ക്വിസ്: ഫൊറോന തലത്തിൽ ബൈബിൾ ക്വിസ് ഒറ്റ ഘട്ടമായിട്ടായിരിക്കും നടത്തുക.

16. വിധിനിർണയം: ഓരോ മത്സര ഇനത്തിനും 1st, 2nd, 3rd എന്നിവ ഓരോരുത്തർക്ക് മാത്രമേ നൽകുവാൻ പാടുള്ളൂ. 1st, 2nd, 3rd സ്ഥാനങ്ങൾക്ക് ഒന്നിൽ കൂടുതൽ വിജയികൾ പാടുള്ളതല്ല.

17. അതിരൂപതാതലത്തിൽ ഗ്രൂപ്പ് ഇനങ്ങൾക്ക് ഗ്രേഡിന്റെ പോയിന്റി നോടൊപ്പം പാർട്ടിസിപ്പേഷനുള്ള 2 പോയിന്റ് കൂടി നൽകുന്നതാണ് (A ഗ്രേഡ് 10+2, B ഗ്രേഡ് 7+2, C ഗ്രേഡ് 5 +2 എന്നിങ്ങനെ). അതിരൂപതാ തലത്തിൽ സിംഗിൾ ഇനങ്ങൾക്ക് പാർട്ടിസിപ്പേഷൻ പോയിന്റ് ഉണ്ടായിരിക്കില്ല. എന്നാൽ, ഫൊറോന തലത്തിൽ ഇത് നൽകാവുന്ന താണ്. ഫൊറോന തലത്തിൽ മാർക്ക് നൽകുമ്പോൾ 'പാർട്ടിസിപ്പേഷൻ പോയിന്റ് + ഗ്രേഡ് പോയിന്റ്' എന്ന രീതിയിൽ നൽകേണ്ടതാണ്.

18. ഫൊറോനാതല മൽസരങ്ങളിൽ വിധികർത്താക്കൾ അതാത് ഫൊറോനയ്ക്ക് പുറത്തുനിന്നുള്ളവരായിരിക്കണം.

19. പരാതികളും അപ്പീലുകളും: അതിരൂപതാ - ഫൊറോനാ തല കലോത്സവത്തിന് ഒരു അപ്പീൽ കമ്മിറ്റി (Jury of appeal) ഉണ്ടായിരിക്കു ന്നതാണ്. മത്സരം പൂർത്തിയായി 15 മിനിറ്റിനുള്ളിൽ പരാതികൾ സമർപ്പിക്കേണ്ടതാണ്. അതിരൂപതാ - ഫൊറോന തലത്തിൽ പരാതി കൾ നൽകുന്നതിനുള്ള ഫീസ് 500/- ആണ്. പരാതി ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ ഈ തുക തിരികെ നൽകുന്നതാണ്.

20. സാമ്പത്തിക കാര്യങ്ങളും ചിലവുകളും: ഫൊറോന കലോത്സവത്തിന്റെ ചെലവുകൾ അതത് ഫൊറോന തലത്തിൽ തീരുമാനമെടുക്കേണ്ട താണ്.

21. രൂപതാ കലോത്സവത്തിനായുള്ള വിവരങ്ങൾ ഒക്ടോബർ 25-ന് മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതും അതിന്റെ ഹാർഡ് കോപ്പി അതിരൂപത ബൈബിൾ അപ്പോസ്തോലേറ്റ് ഓഫീസിൽ ലഭ്യമാക്കേ ണ്ടതുമാണ്.

22. അവതരണ മത്സരങ്ങളുടെ Order Number മത്സര തീയതിക്ക് ഒരാഴ്ച മുൻപ് ഇടവകകളിൽനിന്നുള്ള കോർഡിനേറ്റർമാരുടെ സാന്നിധ്യത്തിൽ lot എടുത്ത് നൽകേണ്ടതാണ്.

23. അതിരുപതാമത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന മത്സരാർഥിക്ക് ട്രോഫിയും ക്യാഷ് അവാർഡും A ഗ്രേഡിന് അർഹതയുണ്ടെങ്കിൽ സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. രണ്ടാം സ്ഥാനം ലഭിക്കുന്ന മത്സരാർഥിക്ക് ക്യാഷ് അവാർഡും A ഗ്രേഡിന് അർഹതയുണ്ടെങ്കിൽ സർട്ടിഫിക്കറ്റും ലഭിക്കുന്നതായിരിക്കും. കൂടാതെ, A ഗ്രേഡിന് അർഹത നേടിയ എല്ലാ മത്സരാർഥികൾക്കും സർട്ടിഫിക്കറ്റ് മാത്രം ലഭിക്കുന്നതാണ്. പെയിന്റിങ് മത്സരത്തിന് മാത്രം മൂന്നാം സ്ഥാനം നേടിയ മത്സരാർഥിക്ക് ക്യാഷ് അവാർഡും A ഗ്രേഡ് ഉണ്ടെങ്കിൽ സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.

24. എല്ലാ മത്സര ഇനങ്ങളും A, B, C എന്നീ ഗ്രേഡ് അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. 80% - 100% നേടുന്നവർക്ക് A ഗ്രേഡും, 70% - 79% നേടുന്നവർക്ക് B ഗ്രേഡും, 60% - 69% ലഭിക്കുന്നവർക്ക് C ഗ്രേഡുമാണ് ലഭിക്കുക.

25. വ്യക്തിഗത ഇനങ്ങൾക്ക് A ഗ്രേഡിന് 5 പോയിന്റും B ഗ്രേഡിന് 3 പോയിന്റും, C ഗ്രേഡിന് 2 പോയിന്റുമാണുള്ളത്. ഗ്രൂപ്പിനങ്ങൾക്ക് A ഗ്രേഡിന് 10 പോയിന്റും B ഗ്രേഡിന് 7 പോയിന്റും C ഗ്രേഡിന് 5 പോയിന്റുമാണ് ലഭിക്കുക (ബൈബിൾ ക്വിസ്, കഥാപ്രസംഗം, നാടകം, തെരുവുനാടകം, മാർഗംകളി എന്നിവ ഗ്രൂപ്പിനങ്ങളാണ്. മറ്റുള്ളവയെല്ലാം വ്യക്തിഗത മത്സര ഇനങ്ങളും).

26. ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കുന്ന 3 ഫൊറോനകൾക്കും 3 ഇടവകകൾക്കും മത്സങ്ങളുടെയെല്ലാം അവസാനത്തിൽ ട്രോഫികൾ മാത്രം നൽകുന്നതായിരിക്കും.

27. ജഡ്ജസിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

28. കഥ, കവിത, ലേഖനം, ബൈബിൾ നാടക രചന എന്നീ മത്സരങ്ങൾ പി. ഓ. സി. ബൈബിൾ അപ്പോസ്തലേറ്റ്, പാലാരിവട്ടം, കൊച്ചി 682025 എന്ന വിലാസത്തിലേക്ക് പോസ്റ്റൽ ആയി അയയ്ക്കുകയോ നേരിട്ട് നൽകുകയോ ചെയ്യേണ്ടതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരി അച്ചന്റെ സാക്ഷ്യപത്രവും നൽകണം. രജിസ്ട്രേഷൻ ഫീസ് 50 രൂപ വീതം ഓരോ കൃതിക്കും താഴെ പറയുന്ന അക്കൗണ്ടിലേക്ക് അയയ്ക്കണം.

Account No. 0423053000006271, KCBC Bible Commission, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala Branch

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ**

# സുബോധന

## റീജിയണൽ പാസ്റ്ററൽ സെന്റർ, അങ്കമാലി

### പരിപാടികൾ

**ആഗസ്റ്റ് 09: യുവജന സെമിനാർ**

02.15 pm - 04.15 pm

» **‘അസ്സീസിയിലെ പൂക്കി’: വെള്ളിത്തിരയിലെ ഫ്രാൻസിസിനെ വായിക്കുമ്പോൾ**

ആത്മീയ പാരമ്പര്യത്തിലെ ഫ്രാൻസിസും വെള്ളിത്തിരയിലെ ഫ്രാൻസിസും തമ്മിലുള്ള സംവാദം.

- ഫ്രാൻസിസ്കൻ വർഷത്തിന്റെ ഭാഗമായി യുവജനങ്ങൾക്കായി സംഘടിപ്പിക്കുന്ന ഈ സെമിനാർ, സിനിമയിൽ അവതരിപ്പിക്കപ്പെടുന്ന ഫ്രാൻസിസ് അസ്സീസിയുടെ പ്രതിച്ഛായയെ ചരിത്രത്തിന്റെയും ആത്മീയ പാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ വായിച്ചറിയാനുള്ള അവസരമായിരിക്കും.

  പ്രഭാഷകൻ: Dr. Thomas Varghese Panakkalam
  (Assistant Professor, Bharata Mata College, Thrikkakara)

ഫ്രാൻസിസ് അസ്സീസിയെ പുതിയ കാഴ്ചപ്പാടിലൂടെ അറിയാൻ ആഗ്രഹിക്കുന്ന CLC, CML, KCYM അംഗങ്ങളെയും യുവജനങ്ങളെയും ഈ സെമിനാറിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ആഗസ്റ്റ് 12 ബുധൻ സത്സംഘം**

06.00 pm - 08.00 pm

» **‘അമ്മക്ക് വീട്ടിൽ എന്താ പണി?’**

വരൂ... സംസാരിക്കാം...

2026 ജൂൺ 11-ന് സുപ്രീം കോടതി പുറപ്പെടുവിച്ച, വീട്ടമ്മമാരുടെ ഗാർഹിക അധ്വാനത്തിന്റെ സാമ്പത്തിക മൂല്യവും നിയമപരമായ അംഗീകാരവും ഊന്നിപ്പറയുന്ന സുപ്രധാന വിധി രാജ്യവ്യാപകമായ ചർച്ചകൾക്ക് വഴിതുറന്നു. വീട്ടമ്മമാർ കുടുംബിനികൾ മാത്രമല്ല, ‘രാജ്യനിർമാതാക്കൾ (Nation Builders)’ കൂടിയാണെന്ന് കോടതി നിരീക്ഷിച്ച ഈ വിധിയുടെ പശ്ചാത്തലത്തിൽ, മാതൃത്വത്തിന്റെയും ഗാർഹിക അധ്വാനത്തിന്റെയും പലപ്പോഴും കാണാതെ പോകുന്ന മാനങ്ങളെ വിലയിരുത്തുകയും സംവാദത്തിന് വിധേയമാക്കുകയും ചെയ്യുന്ന ‘സത്സംഘം’ ചർച്ചാ വേദിയിലേക്ക് ഏവർക്കും സ്വാഗതം.

പ്രഭാഷണ വിഷയങ്ങൾ:

- അമ്മയുടെ ഗാർഹിക അധ്വാനത്തിന്റെ അടിസ്ഥാനവില: സുപ്രീം കോടതി വിധിയുടെ മാനദണ്ഡങ്ങൾ: Adv. Binu John Moolan
- അമ്മയുടെ സ്നേഹത്തിന്റെ മൂല്യം: ശമ്പളത്തിനപ്പുറം അംഗീകാരത്തിന്റെയും പങ്കാളിത്തത്തിന്റെയും പ്രസക്തി. Prof. Jainy Samraj Manadan
- അമ്മയുടെ കുടുംബത്തിലെ സാന്നിധ്യം: അമ്മയുടെ പങ്കിനൊപ്പം അപ്പന്റെ സംഭാവനകളെയും ഉൾക്കൊള്ളുന്ന സമഗ്ര കാഴ്ചപ്പാട്. Prof. Sanjose A. Thomas

Moderator: Adv. Sr. Pavithra CMC

നിയമത്തിന്റെ കാഴ്ചപ്പാടും മാതൃത്വത്തിന്റെ അനുഭവങ്ങളും കുടുംബജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളും ഒരുമിക്കുന്ന ഈ ചിന്താസായാഹ്നം, ഗാർഹിക അധ്വാനത്തിന്റെ മൂല്യത്തെയും മാതൃത്വത്തിന്റെ അന്തസ്സിനെയും വിലയിരുത്തുന്നതിനുള്ള ഒരു തുറന്ന സംവാദവേദിയായിരിക്കും.

## ആഗസ്റ്റ് 17 മുതൽ 22 വരെ: ദൈവശാസ്ത്ര ക്ലാസുകൾ

06.00 pm - 07.30 pm

» **സഭാ ചരിത്രം:** ഭൂതകാല സഭാ ചരിത്രത്തിന്റെ വെളിച്ചത്തിൽ വർത്തമാന സഭയെ മനസ്സിലാക്കുവാനും ഭാവിയിലെ സഭാജീവിതത്തിൽ കൂടുതൽ ഉത്തരവാദിത്തത്തോടെയും പ്രതിബദ്ധതയോടെയും പങ്കുചേരുവാനും പ്രചോദിപ്പിക്കുന്ന പഠനപരമ്പര.

ചർച്ച ചെയ്യുന്ന വിഷയങ്ങൾ: അപ്പസ്തോലിക കാലഘട്ടം, മതമർദ്ദനങ്ങൾ, റോമാ സാമ്രാജ്യവും മതസ്വാതന്ത്ര്യവും, ജർമ്മാനിക് രാജവംശങ്ങളും സഭയും, സഭയിലെ പിളർപ്പ്, അവിഞ്ഞോൺ പേപ്പസി, ആന്റിപോപ്പുമാർ, പ്രൊട്ടസ്റ്റന്റ് നവീകരണം, ട്രെന്റ് കൗൺസിൽ, ദേശീയ സഭകൾ, ഒന്നാം, രണ്ടാം വത്തിക്കാൻ കൗൺസിലുകൾ

ക്ലാസുകൾ നയിക്കുന്നത്: ഫാ. സേവി പടിക്കപറമ്പിൽ

സഭയുടെ ചരിത്രവും വളർച്ചയും ആഴത്തിൽ മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന ഏവർക്കും സ്വാഗതം.

**ഫാ. ജോസഫ് പാത്താടൻ**
**ഡയറക്ടർ**

# LF Saurabhya, Ezhattumugham

**Wellness Village of Little Flower Hospital**

## Certificate Course in Yoga & Wellness

അജപാലന ശുശ്രൂഷകളിലും, കാരുണ്യപ്രവർത്തനങ്ങളിലും, വിദ്യാഭ്യാസ, മനഃശാസ്ത്ര മേഖലകളിലും സജീവമായിരിക്കുന്ന വൈദികർക്കും സന്യസ്തർക്കും ഏറെ ഗുണകരമായ രീതിയിലാണ് Certificate Course in Yoga & Wellness -ന് രൂപം നൽകിയിരിക്കുന്നത്. മണിക്കൂറുകൾ നീളുന്ന സേവന പ്രവർത്തനങ്ങൾക്കിടയിൽ നഷ്ടപ്പെട്ടുപോകുന്ന ശാരീരിക-മാനസിക സന്തുലിതാവസ്ഥ വീണ്ടെടുക്കാനും, പ്രാർത്ഥനാജീവിതം കൂടുതൽ ആഴത്തിലാക്കാനും, സ്വന്തം ആരോഗ്യം (self-care tool) കാത്തുസൂക്ഷിക്കാനും ഈ കോഴ്സ് നിങ്ങളെ സഹായിക്കും.

- **ആർക്കൊക്കെ പങ്കെടുക്കാം?**
  - വൈദികർ & സന്യസ്തർ: പ്രാർത്ഥനാജീവിതം കൂടുതൽ ഏകാഗ്രമാക്കാനും ശുശ്രൂഷകൾ ഊർജ്ജസ്വലമാക്കാനും.
  - Health Workers & Counsellors: രോഗികൾക്കും മറ്റുള്ളവർക്കും ആശ്വാസം പകരുന്നതിനൊപ്പം സ്വന്തം മാനസികാരോഗ്യം നിലനിർത്താനും.
  - Health Seekers: ജീവിതശൈലീരോഗങ്ങളിൽ നിന്ന് മോചനം നേടി ഉന്മേഷത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നവർ.
    പ്രൊഫഷണലുകൾ: യോഗ ഒരു profession ആയി സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർ.

- **പാഠ്യപദ്ധതി (Comprehensive Curriculum)**
  പുരാതന ആത്മീയ വിജ്ഞാനവും, മനഃശാസ്ത്രവും ആധുനിക ശാസ്ത്രവും സമന്വയിപ്പിച്ചുകൊണ്ടുള്ള കോഴ്സ്.
  - Faculty & Leadership
    പരിചയസമ്പന്നരായ യോഗ പരിശീലകരുടെയും (Yoga Instructors), ഡോക്ടർമാരുടെയും, മനഃശാസ്ത്ര വിദഗ്ദ്ധരുടെയും നേതൃത്വത്തിൽ.
  - Spiritual & Contemplative Practices:
    Contemplative Silence: നിശബ്ദതയിലൂടെയുള്ള ദൈവസാന്നിധ്യം അനുഭവിക്കാനുള്ള പരിശീലനം.
    Prayer & Meditation: പ്രാർത്ഥനയെ ധ്യാനവുമായി (Meditation) സംയോജിപ്പിക്കൽ.
    Neural Reset: ആത്മീയവും മാനസികവുമായ ഉന്മേഷം നിലനിർത്താനുള്ള 'Neural Reset' programs.

Holistic Stewardship: ശരീരത്തെ ദൈവത്തിന്റെ ആലയമായി പരിപാലിക്കുന്നതിനെക്കുറിച്ചുള്ള ബൈബിൾ ഉൾക്കാഴ്ചകൾ.

- **Psychological Foundations:**
  - Stress Management: ദൈനംദിന ജീവിതത്തിലെയും ഭരണപരമായ ചുമതലകളിലെയും സമ്മർദ്ദങ്ങൾ കൈകാര്യം ചെയ്യാനുള്ള മനഃശാസ്ത്രപരമായ മാർഗ്ഗങ്ങൾ.
  - Mindfulness-Based Stress Reduction (MBSR): സമ്മർദ്ദം കുറയ്ക്കുന്നതിനായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ട Mindfulness രീതികൾ.
  - Emotional Regulation: വികാരങ്ങളെ നിയന്ത്രിക്കാനും ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിക്കാനുമുള്ള പരിശീലനം.
  - Integrated Counseling: ആധുനിക മനഃശാസ്ത്രവും യോഗയും സംയോജിപ്പിച്ചുകൊണ്ട് കൗൺസിലിംഗിൽ ഇടപെടാനുള്ള സാങ്കേതിക വിദ്യകൾ.

- **Examination & certification**

  എൽ.എഫ്. സൗരഭ്യയുടെ സർട്ടിഫിക്കേഷനു പുറമെ, ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് താഴെ പറയുന്ന ബോർഡുകളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യത ലഭിക്കുന്നു:
  - SRC Community College
  - Yoga Alliance, USA
  - AYUSH YCB (Quality Council of India)

- **Flexible Timings (09.00 am - 04.30 pm)**

  നിങ്ങളുടെ തിരക്കുകൾക്കനുസരിച്ച് തിരഞ്ഞെടുക്കാം:
  - Intensive: 1 month (Mon - Fri)
  - Moderate: 2 Months (Tue, Wed, Fri)
  - Extended: 6 Months (Saturdays only)
  - Online: 6 Months
  - സൗകര്യങ്ങൾ: പ്രകൃതിരമണീയമായ എൽ.എഫ്. സൗരഭ്യ വെൽനസ് വില്ലേജിലാണ് ഈ കോഴ്സ് നടത്തപ്പെടുന്നത്. താമസിച്ചു പഠിക്കാനുള്ള സൗകര്യവും, Day Scholar സൗകര്യവും ലഭ്യമാണ്.

- **കോഴ്സ് ആരംഭിക്കുന്നത്: 2026 ഓഗസ്റ്റ് 3**

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക:
**ഫാ. പീറ്റർ തിരുതനത്തിൽ 8089263220 | 9344661717 | 9310108759**

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**ഡയറക്ടർ**

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## അറിയിപ്പുകൾ

| | |
|---|---|
| ആഗസ്റ്റ് 9 | തിരുമുടിക്കുന്ന് സഹൃദയ ഫെസ്റ്റ് |
| ആഗസ്റ്റ് 10-12 | സേവ് എ ഫാമിലി പ്ലാൻ വിലയിരുത്തൽ സന്ദർശനം |
| ആഗസ്റ്റ് 21 | ഇൻക്ലൂസിസ് കോൺവൊക്കേഷൻ പ്രോഗ്രാം - പൊന്നുരുന്നി |
| | ജ്വല്ലറി മേക്കിംഗ് പരിശീലനം - കൊരട്ടി |

## വാർത്തകൾ

### മോൺ. അഗസ്റ്റിൻ കണ്ടത്തിൽ ചരമരജത ജൂബിലി

സേവ് എ ഫാമിലി പ്ലാൻ സ്ഥാപകൻ മോൺ. അഗസ്റ്റിൻ കണ്ടത്തിലച്ചന്റെ ഇരുപത്തിയഞ്ചാം മരണവാർഷികം അനുസ്മരണ പ്രാർത്ഥന, സമ്മേളനം ബ്ലെസ് എ ഫാമിലി പ്രാദേശിക വിഭവസമാഹരണ പദ്ധതി ഉദ്ഘാടനം എന്നിവയോടെ സഹൃദയയിൽ ആചരിച്ചു.

### സഹൃദയ ടാറ്റ സോളാറിന്റെ അംഗീകൃത ഏജൻസി

സഹൃദയയ്ക്ക് ടാറ്റാ സോളാറിന്റെ ഔദ്യോഗിക വെണ്ടർ എന്ന നിലയിലുള്ള അംഗീകാരം ലഭിച്ചു. ടാറ്റായുമായി സഹകരിച്ച് സബ്സിഡിയോടെ സോളാർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഫോൺ: 90740 60071

### സഹൃദയ ഫാസ്റ്റ് ഫുഡ് മേക്കിംഗ്

സഹൃദയ, കളമശ്ശേരി നഗരസഭ 19-ആം വാർഡ് കൗൺസിലർ, കാർഡിനൽ നഗർ സഹൃദയ ഫെഡറേഷൻ, RSETI എന്നിവയുടെ സഹകരണത്തോടെ കങ്ങരപ്പടിയിൽ നടപ്പിലാക്കിയ 12 ദിവസം നീണ്ടു നിന്ന സൗജന്യ ഫാസ്റ്റ്ഫുഡ് നിർമ്മാണ പരിശീലനത്തിന്റെ സമാപനത്തോടനുബന്ധിച്ചു നടത്തിയ ഭക്ഷ്യ വിഭവങ്ങളുടെ പ്രദർശനം സന്ദർശിച്ച സംസ്ഥാന മന്ത്രി ഇ,വി. അബ്ദുൾ ഗഫൂർ സഹൃദയയെ അഭിനന്ദിച്ചു. 32 പേർ വിജയകരമായി പരിശീലനം പൂർത്തിയാക്കി.46 തരം ഭക്ഷ്യ വിഭവങ്ങളുടെ നിർമാണം പരിശീലിച്ചു.

### മാനന്തവാടിയിൽ ഇൻക്ലൂസിസ് വിലയിരുത്തൽ സന്ദർശനം

ന്യൂറോ ഡൈവർജന്റ് ആയ വ്യക്തികൾക്ക് ഐ.ടി പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന സഹൃദയ ഇൻക്ലൂസിസ് പദ്ധതിയുടെ മാനന്തവാടി

പരിശീലന കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സന്ദർശനം നടത്തി.

## മാലിന്യസംസ്കരണ ക്ലാസ്സ്

എറണാകുളം സെന്റ് തെരേസാസ് കോളേജിലെ സുവോളജി വിഭാഗം വിദ്യാർത്ഥികൾക്കായി മണ്ണിരകളെ ഉപയോഗിച്ചുള്ള മാലിന്യസംസ്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. സഹൃദയ ടെറാക്കോട്ട വെർമി ടാങ്കും സ്ഥാപിച്ചു.

## വിദ്യാദർശൻ

സഹൃദയ വിദ്യാദർശൻ പദ്ധതി അംഗങ്ങൾക്കായി ചേർത്തല മേഖല ഓഫീസിൽ കാർട്ടൂൺ ക്ലാസ്സ് സംഘടിപ്പിച്ചു.

## കർക്കിടക മാസാചരണം

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയുടെ നേതൃത്വത്തിൽ കർക്കിടക മാസാചരണത്തിനു തുടക്കമായി. വർഷകാല ചികിത്സകൾക്ക് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. ഫോൺ:95672 95267

## പേപ്പർ ബാഗ് നിർമാണ പരിശീലനം

സഹൃദയയുടെ നേതൃത്വത്തിൽ തോട്ടകം ഇടവകയിലെ ജാഗ്രതാ മിഷന്റെ സഹകരണത്തോടെ പേപ്പർ ബാഗ്, ഫയൽ നിർമാണ പരിശീലനത്തിന് തുടക്കമായി.

## സഹൃദയ ആനിമേറ്റേഴ്സ് മീറ്റിങ്ങ്

മേഖല ഓഫീസുകളിൽ സഹൃദയ ആനിമേറ്റർമാരുടെ മേഖലാതല യോഗങ്ങൾ സംഘടിപ്പിച്ചു.

## സ്വയം സഹായ സംഘങ്ങളുടെ വാർഷിക ആഘോഷം

ഐമുറി, കൂടാലപ്പാട് ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ വാർഷികാഘോഷം സംഘടിപ്പിച്ചു.

## സ്ത്രീ ശാക്തീകരണ ക്ലാസ്സ്

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിലുള്ള സ്വയം സഹായ സംഘാംഗങ്ങൾക്കായി സ്ത്രീ ശാക്തീകരണ ബോധവൽക്കരണ ക്ലാസ് കൂടാലപ്പാട് സെന്റ് ജോർജ് പള്ളി ഹാളിൽ സംഘടിപ്പിച്ചു.

## ഇടം കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസ്സ്

സഹൃദയ വീ-ഗാർഡുമായി സഹകരിച്ച് സ്ത്രീകൾക്കായി ഒരുക്കുന്ന ‘ഇടം’ സൗജന്യ കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ ക്ലാസ്സ് കൂടാലപ്പാട്, ഐമുറി സഹൃദയ സംഘ അംഗങ്ങൾക്കായി സംഘടിപ്പിച്ചു.

## സഹൃദയ ഫെസ്റ്റ്

കോളങ്ങായി, എളംകുളം, മുരിങ്ങൂർ ഇടവകകളിൽ സഹൃദയ ഫെസ്റ്റ് സംഘടിപ്പിച്ചു.

## സ്വയം തൊഴിൽ വായ്പ

സഹൃദയ സംഘങ്ങൾ വഴി ബി സി ലോൺ ആയി 64,55,000/- രൂപയും സംഘം വായ്പയായി 60,000/- രൂപയും ജെ. എൽ. ജി കൾ വഴിയുള്ള ലോൺ ആയി 1,78,56,000/- രൂപയും നൽകി.

## സോളാർ പരിശീലനം

സൗത്ത് തുറവൂർ സെന്റ് ജോസഫ് ഐ.ടി.സി. യിൽ സോളാർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിശീലനം സംഘടിപ്പിച്ചു.

**ഫാ. ആന്റണി പുതിയാപറമ്പിൽ**
**ഡയറക്ടർ**

---

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- Study in Australia with scholarships- Bachelor's in Nursing, Occupational Therapy & Physiotherapy.
- Pursue your dream of studying in France without IELTS.
- Unlock global opportunities- Study your Master's in Ireland.
- Study Medicine in Hungary- World-class Education, Global Opportunities.
- TOKYO METROPOLITAN UNIVERSITY (TMU): പ്ലസ് ടു കഴിഞ്ഞവർക്ക് ജപ്പാനിൽ UG പ്രോഗ്രാമിൽ സ്കോളർഷിപ്പോടു കൂടെ പഠിക്കാം. താല്പര്യമുള്ളവർ നൈപുണ്യ ഓഫീസിൽ ബന്ധപ്പെടുക.
- IELTS, NICE (Naipunnya International Communicative English) എന്നീ ഇംഗ്ലീഷ് ഭാഷ പരിശീലന കോഴ്സുകൾക്ക് ആഗസ്റ്റ് മാസത്തിലെ എല്ലാ തിങ്കളാഴ്ചകളിലും പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.
- Study Abroad Counselling: വിദേശ പഠനത്തിന് സാധ്യത തേടുന്ന കുട്ടികൾക്ക് വേണ്ട മാർഗ്ഗനിർദേശങ്ങളും വിവിധ വിദേശ യൂണിവേഴ്സിറ്റികളിലെ സാധ്യതകൾ കണ്ടെത്താനുള്ള സഹായവും അനുബന്ധ കൗൺസലിങ്ങും നൈപുണ്യ ഇന്റർനാഷണൽ എഡ്യൂക്കേഷണൽ കൗൺസിലിംഗ്

ടീം ഇടവകകളിൽ വന്ന് നൽകുന്നതാണ്. ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയ്ക്കു ശേഷമുള്ള സമയത്ത്, മുൻകൂട്ടി ബുക്ക് ചെയ്യുന്ന ഇടവകകളിൽ ഈ സേവനം സൗജന്യമായി ലഭ്യമാക്കുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**August Programs**

വിദേശ ഭാഷാ പഠനത്തിന് (German, Italian & Spanish) കലൂർ റിന്യൂവൽ സെന്ററിലുള്ള നൈപുണ്യ അക്കാദമിയിൽ ബന്ധപ്പെടുക.

- Italian (B1 B2) Offline batch starts August 3rd.
- Spanish (A1 A2) Online batch starts August 3rd.

ജർമ്മൻ & ഇറ്റാലിയൻ ഭാഷാ പഠനത്തിന് താല്പര്യമുള്ളവർക്ക് താമസ സൗകര്യം ലഭ്യമാണ്.

Admissions are now open for Civil Service Regular, Sunday, Evening and Foundation 2026-27 batches.

- Tuition classes are available for classes 8, 9, 10, 11 and 12.
- For Civil Service Outreach programs please contact the office.
- Talent Track JUNIOR IAS Program: എറണാകുളം- അങ്കമാലി അതിരൂപത അംഗങ്ങളായ എട്ട്, ഒമ്പത് ക്ലാസ്സുകളിൽ പഠിക്കുന്ന തിരഞ്ഞെടുക്കപ്പെടുന്ന 40 കുട്ടികൾക്ക് പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള സമയത്ത് സൗജന്യമായി ട്രെയിനിങ് നൽകുന്നു. പഠനത്തിൽ മികവ് പുലർത്തുന്ന, IAS-ന് അഭിരുചിയുള്ള, നേതൃനിരയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്ന കുട്ടികളെ കണ്ടെത്തി വികാരിയച്ചൻമാർ അറിയിക്കുമല്ലോ. ഇതിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അവരുടെ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് കൂടെ നൽകുന്നതാണ്. ഇടവകകളിൽ നിന്നും വികാരിയച്ചന്മാർ കണ്ടെത്തി ശുപാർശയോടെ അയക്കുന്ന കുട്ടികളിൽ നിന്ന് ഇന്റർവ്യൂ നടത്തി 40 കുട്ടികളെ തിരഞ്ഞെടുക്കുന്നതാണ്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും ആയിരിക്കും ക്ലാസുകൾ നടക്കുന്നത്.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

**August Programs**

- UGC NET/JRF PAPER I & PAPER II - Offline & Online batch for 2026 DECEMBER exam. (Admissions now open for August batch).
- BANK (IBPS, PO, CLERK, SO) - Offline (New batch starts every Monday this August).
- SSC (CGL, CHSL, MTS) - Offline (New batch starts every Monday this August).

- CUET (Common University Entrance Test) - Online & Offline regular batches (Admission are now open for August batch).
- RAILWAY RECRUITMENT BOARD
  Graduate level (New batch starts every Monday this August).
  Undergraduate level (New batch starts every Monday this August).
- IELTS, PTE & COMMUNICATIVE ENGLISH new Offline & Online batches starts every Monday this August.
- LAW ENTRANCE CLAT, KLEE, CUSAT -CAT-LLB (Online) Admissions are now open for August batch.

## 4) NAIPUNNYA INTERNATIONAL SUBODHANA PASTORAL CENTRE, ANGAMALY

**Contact: 9544919155, 9633338433**

അങ്കമാലി സുബോധനയിൽ ആരംഭിച്ചിരിക്കുന്ന നൈപുണ്യ ഇന്റർനാഷണൽ സ്ഥാപനത്തിൽ ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യം നേടാം.

- IELTS, PTE എന്നീ പരിശീലന കോഴ്സുകൾ ഓഗസ്റ്റ് മാസത്തിലെ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു.
- & NICE (Naipunnya International Communicative English) New Offline batches commence every Monday this August. Reserve your seat and get started.
- Expert Guidance for Overseas Education and Counselling.

**Fr. Juby Joy Kalathiparambil**
**Director**

# AICO
## (Archdiocesan Institutions' Central Office)

### ബോർഡ് മീറ്റിങ്ങുകൾ

ജൂലൈ 02 ലിസി മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്
ജൂലൈ 04 സത്യദീപം പബ്ലിക്കേഷൻസ്
ജൂലൈ 10 വിയാനി പ്രിന്റിംഗ്സ്
ജൂലൈ 13 ലിസി മെഡിക്കൽ ആൻഡ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
ജൂലൈ 16 നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, ചേർത്തല
ജൂലൈ 20 സെന്റ് ജോസഫ്സ് ITI, ചേർത്തല
ജൂലൈ 22 ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

ജൂലൈ 24 1. സെന്റ് മൈക്കിൾസ് പബ്ലിക് സ്കൂൾ, കൊളങ്ങായ്
2. മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര

ജൂലൈ 30 ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി

## സൈറ്റ് വിസിറ്റുകൾ

ജൂൺ 24 1. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി - ട്രസ്സ്, സോളാർ സജ്ജീകരിക്കൽ
2. പൊതി പ്രീസ്റ്റ്സ് ഹോം - ഡ്രെയിനേജ് വർക്ക്

ജൂൺ 26 ചക്കരപ്പറമ്പ് ജിയോ സെന്റർ - Fire Fighting works

ജൂൺ 27 വിജോ ഭവൻ - മുറികളുടെ നവീകരണം

ജൂൺ 29 1. ജോസ്പുരം സെന്റ് ജോസഫ് ചർച്ച് - മോണ്ടളം നിർമ്മാണം
2. വാഴക്കാല സെന്റ് ജോസഫ് ചർച്ച് - മരാമത്ത് പണി

ജൂലൈ 01 തൃക്കാക്കര കാർഡിനൽ സ്കൂൾ - ട്രസ്സ് വർക്ക്

ജൂലൈ 06 എടക്കുന്ന് പ്രീസ്റ്റ് ഹോം - ലിഫ്റ്റ് സ്ഥാപിക്കൽ

ജൂലൈ 07 1. എറണാകുളം ലിസി മെഡിസിറ്റിയോട് ചേർന്നുള്ള 20 കടമുറികൾക്കുള്ള Bid ഓപ്പണിങ്
2. തൃക്കാക്കര ഭാരത മാതാ കോളേജ് - അനക്സ് ബ്ലോക്ക് നിർമ്മാണം

ജൂലൈ 11 എറണാകുളം വിയാനി പ്രിന്റിംഗ്സ് - ഫ്ളോറിംഗ് നവീകരണം

ജൂലൈ 13 1. എടക്കുന്ന് പ്രീസ്റ്റ് ഹോം - ലിഫ്റ്റ് സ്ഥാപിക്കൽ
2. അങ്കമാലി സുബോധന പാസ്റ്ററൽ സെന്റർ - മരാമത്ത് പണി

ജൂലൈ 14 തൃക്കാക്കര കാർഡിനൽ സ്കൂൾ - ട്രസ്സ് വർക്ക്

ജൂലൈ 16 വെൽഫെയർ സർവ്വീസസ് എറണാകുളം - കെട്ടിട നിർമ്മാണം

ജൂലൈ 17 തൃക്കാക്കര ഭാരത മാതാ കോളേജ് - അനക്സ് ബ്ലോക്ക് നിർമ്മാണം

ജൂലൈ 20 1. കാർഡിനൽ നഗർ ബ്ലസഡ് സാക്രമെന്റ് ചർച്ച് - കമ്മീഷൻ സന്ദർശനം
2. എറണാകുളം വിയാനി പ്രിന്റിംഗ്സ് - ഫ്ളോറിംഗ് നവീകരണം
3. ചക്കരപ്പറമ്പ് ജിയോ സെന്റർ - Fire Fighting works

**ഫാ. ആന്റോ ചേരാംതുരുത്തി**
**സിഞ്ചെല്ലൂസ് & AICO ഡയറക്ടർ**

# അതിരൂപതാ ഡയറി

**ജൂൺ 2026**

28 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, തൃക്കാക്കര മൈനർ സെമിനാരിയിൽ പുതിയ അധ്യയന വർഷം ഉദ്ഘാടനം നിർവഹിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**ജൂലൈ 2026**

2 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി (NIMIT) യുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച 'നിദർശന 2026' പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

3 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് തൃക്കാക്കര മൈനർ സെമിനാരിയിൽ ബ്രദർ ജോയൽ ചെമ്പകശ്ശേരിക്ക് ഡീക്കൻ പട്ടം നൽകി.

4 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് താന്നിപ്പുഴയിൽ ബ. സെബാസ്റ്റ്യൻ മാണിക്കത്താൻ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് മൃതസംസ്കാര ശുശ്രൂഷയുടെ സമാപന കർമ്മത്തിന് കാർമികത്വം വഹിച്ചു.

5 അതിരൂപത ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ കാക്കനാട് രാജഗിരി ബിസിനസ് സ്കൂളിൽ സംഘടിപ്പിച്ച 'റൂട്ട്സ് ആൻഡ് വിങ്സ്' പരിപാടിയുടെ സമാപനദിനത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് പിതാവ് പങ്കെടുത്ത് സന്ദേശം നൽകി.

അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ (രണ്ടാം ബാച്ച്) ആമുഖപ്രഭാഷണം നടത്തി.

6 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ (രണ്ടാം ബാച്ച്) ധ്യാന ചിന്തകൾ പങ്കുവച്ചു.

12 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ (മൂന്നാം ബാച്ച്) ആമുഖപ്രഭാഷണം നടത്തി.

13 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ (മൂന്നാം ബാച്ച്) ധ്യാന ചിന്തകൾ പങ്കുവച്ചു.

19 അതിരൂപത കാറ്റക്കിസം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അങ്കമാലി, മൂക്കന്നൂർ, കറുകുറ്റി, മൂഴിക്കുളം, കൊരട്ടി എന്നീ ഫൊറോനകളിൽ നിന്നുള്ള ഡിപ്ലോമ രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി പൊങ്ങം നൈപുണ്യ കോളേജിൽ സംഘടിപ്പിച്ച 'എലൈവ്' പരിപാടിയിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, പങ്കെടുത്ത് സന്ദേശം നൽകി.

* * * * *

# Naipunnya College Cherthala
# Library Blessing & Convocation Ceremony 2026








RNI No. 3421/57
Date of Publication: 01-08-2026

Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org